16
വെള്ളി
ഡിസംബർ 2022
1198 വൃശ്ചികം 30

ലോകത്തിന്റെ കണ്ണുകൾ പന്തിന് പിറകെ....

# കേരള പ്രണാമം

സത്യം വദ ധർമ്മം ചര

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

www.keralap
infokeralapranama



# കേരളം മിന്നാൻ 3 ലക്ഷം കോടി

## ഗഡ്കരിയുടെ അപ്രതീക്ഷിത പ്രഖ്യാപനം

**തിരുവനന്തപുരം:** കേരളത്തിൽ മൂന്നു സാമ്പത്തിക ഇടനാഴികൾ തുടങ്ങുന്നതടക്കം മൂന്നു ലക്ഷം കോടിയുടെ വമ്പൻ പദ്ധതികൾ പ്രഖ്യാപിച്ച് കേന്ദ്ര സർക്കാർ. സംസ്ഥാനത്ത് 45,536 കോടിയുടെ 15 ദേശീയപാത വികസന പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും നിർവഹിക്കുന്ന ചടങ്ങിലായിരുന്നു കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി നിതിൻ ഗഡ്കരിയുടെ അപ്രതീക്ഷിത പ്രഖ്യാപനം. 2025 അവസാനം ഈ പദ്ധതികൾ നടപ്പാക്കുന്നതോടെ, കേരളത്തിന്റെ മുഖച്ഛായ മാറുമെന്നും അദ്ദേഹം പറഞ്ഞു.

ഈ മൂന്നു പദ്ധതികളിലായി ആകെ 919 കിലോമീറ്റർ വ്യവസായ ഇടനാഴി കേരളത്തിലൂടെ കടന്നുപോകും. 87,224 കോടിയാണ് ഇതിന്റെ ചെലവ്. രാജ്യത്തെ ഏറ്റവും വലിയ ആറു വരി എലിവേറ്റഡ് ഹൈവേയായ അരൂർ–തുറവൂർ ഹൈവേയും ഇതിൽ ഉൾപ്പെടും. ദേശീയപാത വികസനം സംബന്ധിച്ച പ്രശ്നങ്ങൾക്ക് സംസ്ഥാനവുമായി ആലോചിച്ച് പരിഹാരം കണ്ടെത്തും. ദേശീയ പാതയ്ക്കുള്ള ഭൂമിയേറ്റെടുക്കലിന്റെ 25 ശതമാനം സംസ്ഥാനം നൽകുന്നതിലുള്ള ബുദ്ധിമുട്ട് മനസിലാക്കുന്നു.

കേന്ദ്രത്തിന്റെ ചില നിർദ്ദേശങ്ങൾ അംഗീകരിച്ചാൽ സ്ഥലം ഏറ്റെടുപ്പിനുള്ള പണം സംസ്ഥാനത്തിൽ നിന്ന് ഈടാക്കില്ല. ദേശീയപാതയ്ക്കായി സർക്കാർ ഭൂമി സൗജന്യമായി വിട്ടുനൽകുക, കമ്പിക്കും സിമന്റിനുമുള്ള സംസ്ഥാന ജി.എസ്.ടി ഒഴിവാക്കുക എന്നീ ആവശ്യങ്ങൾ കേരളം അംഗീകരിക്കണം. കേരളത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള റോഡ് – അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുകയാണ് കേന്ദ്രത്തിന്റെ ലക്ഷ്യം. വിനോദസഞ്ചാര മേഖലയുടെ ഏറ്റവും വലിയ ശക്തി മികച്ച റോഡുകളാണ്. ഈ പദ്ധതികൾ വരുന്നതോടെ വിനോദ സഞ്ചാരം മൂന്നിരട്ടി വർദ്ധിപ്പിക്കാനാകുമെന്നും ഗഡ്കരി ചൂണ്ടിക്കാട്ടി.

**സാമ്പത്തിക ഇടനാഴികൾ**

1) തൂത്തുക്കുടി – കൊച്ചി–
ആകെ ദൂരം – 443 കിലോമീറ്റർ
സംസ്ഥാനത്ത് – 166 കി.മീ
പദ്ധതിച്ചെലവ് – 20,000 കോടി

2) മുംബയ് – കന്യാകുമാരി–
ആകെ ദൂരം: 1619 കി.മീ
സംസ്ഥാനത്ത്: 644 കി.മീ,
പദ്ധതിച്ചെലവ്: 61,060 കോടി

3) ബംഗളൂരു – മലപ്പുറം–
ആകെ ദൂരം: 323കി.മി
സംസ്ഥാനത്ത്: 72 കി.മി
പദ്ധതിച്ചെലവ്: 7134 കോടി

**വാണിജ്യ ഇടനാഴികൾ–**

ആകെ ദൂരം: 2385 കി.മി

സംസ്ഥാനത്ത്: 919 കി.മി
ആകെ തുക: 87,224 കോടി

? സംസ്ഥാന പാതകൾ,?
റെയിൽവേ ബ്രിഡ്ജുകൾ,?
പാലങ്ങളുടെ നവീകരണം
ചെലവിടുന്ന തുക: 400 കോടി

18 ബൈപ്പാസുകൾ–
ആകെ ദൂരം: 164 കി.മി
അടങ്കൽതുക : 15,?000 കോടി

31 ഇടനാഴികൾ
(നിലവിലുള്ള റോഡുകളുടെ വികസനം)
ആകെ ദൂരം: 1544 കി.മി
അടങ്കൽതുക: 80,000 കോടി

വിഴിഞ്ഞം – പാരിപ്പള്ളി ഔട്ടർ റിംഗ് റോഡ് പ്രധാനമാണ്. ഇതിനുള്ള പണം അടുത്ത മാർച്ചിന് മുമ്പ് അനുവദിക്കുമെന്ന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു



## ശബരിമല തിരക്ക് ഒഴിവാക്കാൻ സംവിധാനം

**പത്തനംതിട്ട:** മന്ത്രിമാരായ കെ.രാധാകൃഷ്ണന്റെയും കെ.രാജന്റെയും സാന്നിദ്ധ്യത്തിൽ പമ്പയിൽ നടന്ന ശബരിമല അവലോകന യോഗത്തിൽ തിരക്ക് നിയന്ത്രണത്തിന്റെയും മറ്റും പേരിൽ വിവിധ വകുപ്പുകൾ തമ്മിൽ തർക്കമുണ്ടായതിനെത്തുടർന്ന് ബദൽ സംവിധാനത്തിന് ധാരണയായി.

ആക്ഷേപം-- പരിഹാരം

1. പതിനെട്ടാംപടിയിൽ പരിചയമുള്ള പൊലീസുകാരില്ല : ദേവസ്വം ബോർഡ് പ്രസിഡന്റ്

?കുട്ടികൾ, വയസായ സ്ത്രീകൾ, ഭിന്നശേഷിക്കാർ എന്നിവർക്കായി പ്രത്യേക ക്യൂ ഒരുക്കും. കുട്ടികൾ കൂട്ടംതെറ്റി പോകുമെന്ന ആശങ്ക കൂടി പരിഗണിക്കും. ദർശനത്തിനെത്തേണ്ട ഭക്തരുടെ എണ്ണം വെർചൽ ക്യൂ വഴി 90,000 എന്ന നിലയിൽ നിയന്ത്രിക്കും. ക്യൂ കോംപ്ലക്സ്, ഫ്ളൈ ഓവർ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കും. ക്യൂ നിൽക്കുന്ന ഭക്തർക്ക് ആഹാരം, വെള്ളം, മതിയായ ടോയ്ലെറ്റ് സൗകര്യം എന്നിവ ഉറപ്പാക്കും.

2. കെ.എസ്.ആർ.ടി.സി ബസിൽ സ്വാമിമാരെ കുത്തിനിറച്ചു കൊണ്ടുപോകുന്നു : മന്ത്രി

?വിഷയം പരിശോധിക്കാൻ മോട്ടോർ വാഹനം വകുപ്പിന് നിർദ്ദേശം നൽകി. ആവശ്യമെങ്കിൽ കൂടുതൽ ബസുകളെത്തിക്കും. കാലപ്പഴക്കം ചെന്ന ബസുകൾ ഓടിക്കുന്നുണ്ടോ എന്ന് മോട്ടോർ വാഹനവകുപ്പ് പരിശോധിക്കും. ഭക്തരിൽ നിന്ന് അമിത ചാർജ് ഈടാക്കുന്നില്ലെന്ന് ഉറപ്പ് വരുത്തും.

3. പാർക്കിംഗ് ഗ്രൗണ്ടിൽ കരാറുകാരൻ ജീവനക്കാരെ നിയമിക്കുന്നില്ല : ജില്ലാ കളക്ടർ ദിവ്യ എസ്. അയ്യർ

കൂടുതൽ പാർക്കിംഗ് സെന്ററുകൾ കണ്ടെത്താൻ വനം വകുപ്പിന്റെ സഹായം തേടി. കൂടുതൽ ജീവനക്കാരെ അവിടെ നിയോഗിക്കാനും ധാരണയായയി

## ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് : സ്വാമി ശുഭാംഗാനന്ദ ജനറൽ സെക്രട്ടറി




**ശിവഗിരി:** ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറിയായി സ്വാമി ശുഭാംഗാനന്ദയെ ട്രസ്റ്റ് ബോർഡ് യോഗം തിരഞ്ഞെടുത്തു. ജനറൽ സെക്രട്ടറിയായിരുന്ന സ്വാമി ഋതംഭരാനന്ദ സ്ഥാനം ഒഴിഞ്ഞതിനെ തുടർന്നാണിത്. ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. നിലവിൽ ചെമ്പഴന്തി ഗുരുകുലം സെക്രട്ടറിയാണ് സ്വാമി ശുഭാംഗാനന്ദ. ശിവഗിരി മഠത്തിന്റെ പോഷക സംഘടനയായ ഗുരുധർമ്മ പ്രചാരണസഭയുടെ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. തിരഞ്ഞെടുപ്പിനെ തുടർന്ന് സ്വാമി ശുഭാംഗാനന്ദ മഹാസമാധിയിൽ സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റു. പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. സ്ഥാനമൊഴിഞ്ഞ സ്വാമി ഋതംഭരാനന്ദ സ്വാമി ശുഭാംഗാനന്ദയ്ക്ക് രേഖകൾ കൈമാറി. ധർമ്മസംഘം ട്രസ്റ്റ് ബോർഡംഗങ്ങളായ സ്വാമി വിശുദ്ധാനന്ദ, സ്വാമി പരാനന്ദ, സ്വാമി സൂക്ഷ്മാനന്ദ, ട്രഷറർ സ്വാമി ശാരദാനന്ദ, സ്വാമി സാന്ദ്രാനന്ദ, സ്വാമി ബോധിതീർത്ഥ, സ്വാമി വിശാലാനന്ദ, സ്വാമി സദ്രൂപാനന്ദ, ശിവഗിരി മഠം പി.ആർ.ഒ ഇ.എം. സോമനാഥൻ, ഗുരുധർമ്മ പ്രചാരണസഭ രജിസ്ട്രാർ അഡ്വ. പി.എം.മധു, വൈസ് പ്രസിഡന്റ് അനിൽ തടാലിൽ, ജോയിന്റ് രജിസ്ട്രാർ സി.ടി.അജയകുമാർ, വർക്കല നഗരസഭാ ചെയർമാൻ കെ.എം.ലാജി തുടങ്ങിയവരും ഭക്തജനങ്ങളും സത്യപ്രതിജ്ഞാ ചടങ്ങിൽ സംബന്ധിച്ചു. തുടർന്ന് ശിവഗിരിമഠം ഓഫീസിലെത്തി സ്വാമി ശുഭാംഗാനന്ദ ചുമതലയേറ്റു. ഇക്കഴിഞ്ഞ ട്രസ്റ്റ് ബോർഡ് തിരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ വോട്ട് നേടി വിജയിച്ചയാളാണ് **സ്വാമി ശുഭാംഗാനന്ദ.**



STUDY ABROAD
KANHANGAD | KANNUR | THRISSUR | ERNAKULAM
STUDY@VISA4STUDY.IN
+91 9847386330
0467 2080331
ENQUIRE NOW
visa4study.in

### ആശാൻ

കേരളം മിന്നാൻ 3 ലക്ഷം കോടി.ഗഡ്കരിയുടെ അപ്രതീക്ഷിത പ്രഖ്യാപനം



പ്രഖ്യാപനം മാത്രം ആകരുത്

ലോകചരിത്രത്തിലാദ്യമായി
22 മണിക്കൂർ 10 മിനിറ്റ് തുടർച്ചയായി
വിഷ്വൽ കഥാപ്രസംഗം അവതരിപ്പിച്ച്
URF-ASIAN RECORD & WORLD RECORD കരസ്ഥമാക്കിയ
ഡോ. നിരണം രാജൻ
അവതരിപ്പിക്കുന്ന
പുണ്യപുരാണ വിഷ്വൽ കഥാപ്രസംഗം

നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട. ഫോൺ: 98470 31647
സൗണ്ട് സിസ്റ്റവും ലൈറ്റ് സിസ്റ്റവും ഞങ്ങൾ കൊണ്ടുവരുന്നതാണ്

പരാശക്തി ജ്യോതിഷ പീഠം
പോളി ജംഗ്ഷൻ – തൃപ്രയാർ
ഫോൺ: 9745205651, 9188205651
ജോത്സ്യൻ : ജി. എൻ. ബാബുജി
ജ്യോതിഷം, വെറ്റില ജ്യോതിഷം, താംബൂല പ്രശ്നം, അഷ്ടമംഗല പ്രശ്നം, ദേവ പ്രശ്നം, സ്വർണ്ണപ്രശ്നം, മഷിനോട്ടം, പരിഹാരം
മഹത്തായ യന്ത്രങ്ങൾ, ഏലസ്സുകൾ, വിദ്യാമഹാറാണി യന്ത്രം, സ്വയംവര യന്ത്രം, അർദ്ധനാരിശ്വരിയന്ത്രം, നെടുമംഗല്യം, അശ്വമേധം, സർപ്പഹരം, ഒമ്പത് ഗ്രഹങ്ങളുടേയും ദോഷപരിഹാരയന്ത്ര ഏലസ്സുകൾ, ഗരുഡമഹാമന്ത്ര യന്ത്ര ഏലസ്സ് എല്ലാ ദോഷപരിഹാരങ്ങൾക്കും

കേരള പ്രണാമം
editorialkeralapranamam@gmail.com

സത്യം വദ: ധർമ്മം ചര:

## നേർക്കാഴ്ച




ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി

## സമാധാനം പുനഃസ്ഥാപിക്കാൻ ഇന്ത്യ മുൻ കൈയെടുത്താൽ അതു മാതൃകാപരമാവുകയും ചെയ്യും

ഇന്ത്യയുടെ അതിർത്തികളിൽ പ്രകോപനം സൃഷ്ടിക്കാനുള്ള ചൈനയുടെ ശ്രമങ്ങൾ തുടരുകയാണ്. ദോക്‌ലാമിലും ലഡാക്കിലും അതിർത്തിയിൽ കൈയേറ്റങ്ങൾ നടത്തിയ ചൈന ഏറ്റവുമൊടുവിൽ അരുണാചൽ പ്രദേശിലെ തവാങ്ങ് മേഖലയിലാണ് അതിർത്തി ലംഘിച്ചത്. കഴിഞ്ഞ ഒൻപതിന് ഇവിടേക്ക് നുഴഞ്ഞുകയറാൻ ശ്രമിച്ച ചൈനീസ് സൈനികരെ ഇന്ത്യൻ സേന തുരത്തി വിട്ടതായാണു പ്രതിരോധമന്ത്രി രാജ്നാഥ് സിങ് അറിയിച്ചത്. തവാങ്ങിൽ യാങ്ങ്സെ നദിക്കു സമീപം ഇരുന്നൂറോളം ചൈനീസ്സൈനികർ മുള്ളാണി തറച്ച ദണ്ഡുകളുമായി കടന്നുകയറുകയായിരുന്നു. മുൻപ് ഗൽവാൻ മേഖലയിൽ ചൈനീസ് സൈന്യം കടന്നുകയറിയപ്പോഴും ഇത്തരം ദണ്ഡുകൾ കൈവശം വച്ചിരുന്നു. ദണ്ഡുകൊണ്ടുള്ള ആക്രമണത്തിൽ ധാരാളം ഇന്ത്യൻ സൈനികർക്കു പരുക്കേറ്റു. ഇത്രയും പ്രാകൃതമായ ആക്രമണരീതി പ്രതീക്ഷിക്കാതിരുന്നതിനാലാണ് ഇന്ത്യൻ സേനയ്ക്ക് ചെറുക്കാനാകാതെ പോയത്. അതിനുശേഷം ഇത്തരം ആയുധങ്ങളുടെ കാര്യത്തിൽ ഇന്ത്യൻ സൈന്യം ജാഗരൂകരായിരുന്നെന്നുവേണം കരുതാൻ. അതിനാൽ, ഉചിതമായ തിരിച്ചടി നൽകാനും കടന്നുകയറ്റക്കാരെ അതിർത്തിക്കപ്പുറത്തേക്ക് പറഞ്ഞുവിടാനും സാധിച്ചുചൈനയുമായുള്ള മറ്റ് അതിർത്തി പ്രദേശങ്ങൾ സംഘർഷഭരിതമാണെങ്കിലും താരതമ്യേന ശാന്തമാണ് അരുണാചൽ പ്രദേശിലെ അതിർത്തികൾ. 1959ൽ ടിബറ്റിൽനിന്ന് പലായനം ചെയ്ത ദൈലലാമയും സംഘവും തവാങ്ങിലെ ചൈനീസ് അതിർത്തിയായ ബുംല വഴിയാണ് ഇന്ത്യയിലേക്കു കടന്നത്. അരുണാചൽ പ്രദേശ് തങ്ങളുടെ ഭാഗമാണെന്ന അവകാശവാദം ചൈന എന്നും ഉന്നയിക്കുന്നുണ്ട്. എങ്കിലും ബുംലയിലെ അതിർത്തിയിൽ തികഞ്ഞ സൗഹാർദത്തോടെയാണ് ഇന്ത്യ -ചൈന സൈനികർ നിലയുറപ്പിച്ചിരിക്കുന്നത്. ബുംലയിലെ ഉയർന്ന പ്രദേശങ്ങൾ മിക്കതും തങ്ങളുടെ പ്രദേശത്തായതിനാൽ ഇന്ത്യൻ മേഖലയിൽ നിരീക്ഷണത്തിനുള്ള മേൽക്കൈ ചൈനയ്ക്ക് ഉണ്ട്. ഇതു മാത്രമല്ല, അരുണാചൽ പ്രദേശിന്റെ അതിർത്തിക്ക് അപ്പുറത്ത് ചൈന വലിയതോതിൽ നിർമാണ പ്രവർത്തനങ്ങൾ നടത്തുകയും അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. പുതുതായി ജനവാസകേന്ദ്രങ്ങളും ഗ്രാമങ്ങൾ തന്നെയും ചൈന നിർമിച്ചു. ടിബറ്റിൽ അരുണാചൽ അതിർത്തിയോടു ചേർന്ന് വലിയ ടൗൺഷിപ്പ്തന്നെ ചൈന തയാറക്കിയിട്ടുണ്ട് സമാധാന നില തുടരവേ തന്നെ ഏതു നിമിഷവും ഇന്ത്യക്ക് ബുദ്ധിമുട്ടുണ്ടാക്കാനുള്ള തയാറെടുപ്പിലായിരുന്നു അവർ.>ഈമാസം ഇന്ത്യൻ അതിർത്തിയിൽ പ്രകോപനം സൃഷ്ടിച്ചതിനൊപ്പം തന്നെ ഇന്ത്യൻ അതിർത്തിയിലേക്ക് ഡ്രോണുകൾ അയച്ച് നിരിക്ഷണം നടത്തുകയും അവർ ചെയ്തിരുന്നു. ഇന്ത്യൻ അതിർത്തിയോടു ചേർന്ന് യുദ്ധവിമാനങ്ങൾ തയാറാക്കി നിർത്തുകയും ചെയ്തിട്ടുണ്ട് അതിർത്തിയിൽ ഇന്ത്യയും സുസജ്ജമാണ്. അരുണാചൽ പ്രദേശങ്ങളിലേതടക്കം സൈനിക താവളങ്ങളിൽ സുഖോയ് അടക്കമുള്ള യുദ്ധവിമാനങ്ങൾ ഇന്ത്യയും തയാറാക്കിയിട്ടുണ്ട്. മഞ്ഞുവീഴ്ചയുണ്ടെങ്കിലും ചൈന നടത്തിയ പ്രകോപനത്തെ ചെറുക്കാൻ ഇന്ത്യൻ സൈന്യത്തിനു കഴിഞ്ഞത് ഇതിനാലാണ്. രണ്ട് ആണവ ശക്തികളാണ് ഇന്ത്യയും ചൈനയും. ഏഷ്യയിലെ എന്നുതന്നെയല്ല, ലോകത്തെ തന്നെ ഏറ്റവും ശക്തവും പ്രാധാന്യവുമുള്ള രാജ്യങ്ങളുമാണ്. ഇരു രാജ്യങ്ങൾക്കുമിടയിൽ സമാധാനം പുലരേണ്ടത് ഈ മേഖലയുടെ തന്നെ ആവശ്യമാണ്. ഇരു രാജ്യങ്ങളുടെയും സേനാ മേധാവികൾ തമ്മിൽ നടത്തിയ ചർച്ചയിൽ രംഗം ശാന്തമായിരിക്കുകയാണ്. എന്നാൽ, ചൈനയുടെ മുൻപ്രവൃത്തികൾ പരിഗണിച്ചാൽ ഇനിയും ഇത്തരം പ്രകോപനമുണ്ടായേക്കാം. അതിനെ നേരിടാൻ സജ്ജമായിരിക്കുന്നതിനൊപ്പം സമാധാനം പുനഃസ്ഥാപിക്കാൻ ഇന്ത്യ മുൻകൈയെടുത്താൽ അതു മാതൃകാപരമാവുകയും ചെയ്യും



## മരണത്തിൽ വിലപിക്കരുത്, ആഘോഷിക്കുക';
## ഇറാനിൽ തൂക്കിലേറ്റിയ റഹ്നാവാദിന്റെ അവസാന വീഡിയോ പുറത്ത്

ടെഹ്റാൻ: ഇറാനിൽ സർക്കാർ വിരുദ്ധ പ്രക്ഷോഭവുമായി ബന്ധപ്പെട്ട് തൂക്കിലേറ്റപ്പെട്ട 23-കാരൻ മജിദ്റെസ റഹ്നാവാദ് തന്റെ അന്ത്യാഭിലാഷമായി നൽകിയ നിർദേശങ്ങൾ പുറത്ത്. ആരും തന്റെ മരണത്തിൽ വിലപിക്കരുതെന്നും ശവകുടീരത്തിന് മുന്നിൽ ഖുറാൻ വായിക്കുകയോ പ്രാർഥിക്കുകയോ ചെയ്യരുതെന്നും മരണം ആഘോഷിക്കുകയാണ് വേണ്ടതെന്നും റഹ്നാവാദ് ആവശ്യപ്പെടുന്ന വീഡിയോയാണ് പുറത്തുവന്നത്. തൂക്കിലേറ്റുന്നതിന് തൊട്ടുമുമ്പ് ചിത്രീകരിച്ച വീഡിയോയാണിത്.
മഷ്ഹാദ് നഗരത്തിൽ തിങ്കളാഴ്ച തൂക്കിലേറ്റിയ റഹ്നാവാദിന്റെ ഈ വീഡിയോ കഴിഞ്ഞ ദിവസം രാത്രിയാണ് പുറത്തുവന്നത്. മുഖംമൂടി ധരിച്ച രണ്ട് കാവൽക്കാർക്കൊപ്പം കണ്ണ് കെട്ടിയാണ് വീഡിയോയിൽ റഹ്നാവാദ് സംസാരിക്കുന്നത്. മരണത്തിന് തൊട്ടുമുമ്പും സധൈര്യം സംസാരിക്കുന്ന റഹ്നാവാദിന്റെ വീഡിയോ മനുഷ്യാവകാശ പ്രവർത്തകയും ബെൽജിയൻ പാർലമെന്റ് എംപിയുമായ ധര്യ സഫായിയാണ് ട്വീറ്റ് ചെയ്തത്. ഫുട്ബോൾ വിപ്ലവം | Second Half | World Cup 2022
'എന്റെ മരണത്തിൽ ആരും വിലപിക്കരുത്. ശവകുടീരത്തിന് മുന്നിൽ ഖുറാൻ വായിക്കുകയോ പ്രാർഥിക്കുകയോ ചെയ്യരുത്. ആഘോഷം മതി. ആഘോഷ ഗീതങ്ങളും മുഴങ്ങണം', വീഡിയോയിൽ റഹ്നാവാദ് പറയുന്നു.

സർക്കാർ വിരുദ്ധ പ്രക്ഷോഭത്തിനിടെ രണ്ട് സുരക്ഷാ ഭടൻമാരെ കുത്തിക്കൊല്ലുകയും നാല് പേരെ പരിക്കേൽപ്പിക്കുകയും ചെയ്തെന്ന കുറ്റം ചുമത്തിയാണ് റഹ്നാവാദിനെ ഇറാൻ സർക്കാർ തൂക്കിലേറ്റിയത്. വധശിക്ഷ വിധിച്ച് ദിവസങ്ങൾക്കകം തന്നെയാണ് ശിക്ഷ നടപ്പാക്കിയതും. റഹ്നാവാദിനെ തൂക്കിക്കൊന്ന ശേഷമാണ് അദ്ദേഹത്തിന്റെ കുടുംബത്തെ പോലും അധികൃതർ വിവരം അറിയിച്ചതെന്നും ആക്ഷേപമുണ്ട്. സുരക്ഷാ ഭടൻമാരെ ആക്രമിച്ചുവെന്ന കുറ്റം ചുമത്തി പ്രക്ഷോഭത്തിൽ പങ്കെടുത്ത മറ്റൊരു യുവാവിനേയും ദിവസങ്ങൾക്ക് മുമ്പ് സർക്കാർ തൂക്കിക്കൊന്നിരുന്നു.
ശരിയായ രീതിയിൽ ശിരോവസ്ത്രം ധരിച്ചില്ലെന്ന കാരണം പറഞ്ഞ് മതപോലീസ് കസ്റ്റഡിയിലെടുത്ത കുർദ് വംശജയായ മഹ്സ അമിനി എന്ന യുവതി സെപ്റ്റംബർ 16-ന് മരിച്ചതിനെ തുടർന്നാണ് ഇറാനിൽ വലിയ പ്രക്ഷോഭം ആരംഭിച്ചത്.



# ബിൻലാദനെ സംരക്ഷിച്ചവർക്ക് ധർമോപദേശം നടത്താൻ യോഗ്യതയില്ല; ഡചൽ പാകിസ്താനെ കടന്നാക്രമിച്ച് ഇന്ത്യ

ന്യൂയോർക്ക്: യു.എൻ. രക്ഷാകൗൺസിലിൽ കശ്മീർ വിഷയം ഉയർത്തിക്കാട്ടിയ പാകിസ്താനെതിരേ രൂക്ഷവിമർശനവുമായി ഇന്ത്യ. അൽഖയ്ദ നേതാവ് ഒസാമ ബിൻലാദനെ സംരക്ഷിച്ച, അയൽരാജ്യത്തെ പാർലമെന്റ് ആക്രമിച്ച ഒരു രാജ്യത്തിന് ധർമോപദേശം നടത്താൻ യാതൊരു യോഗ്യതയുമില്ലെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ പറഞ്ഞു.
യു.എൻ. കൗൺസിലിൽ രാജ്യങ്ങൾ തമ്മിലുള്ള അന്താരാഷ്ട്ര ബന്ധവുമായി ബന്ധപ്പെട്ട ചർച്ചക്കിടെ പാക് വിദേശകാര്യമന്ത്രി ബിലാവൽ ഭൂട്ടോ കശ്മീർ പ്രശ്നം ഉയർത്തിക്കാട്ടിയിരുന്നു. ഇതിന് പിന്നാലെയായിരുന്നു എസ്. ജയ്ശങ്കറുടെ രൂക്ഷവിമർശനം.
'ലോകം അംഗീകരിക്കാത്ത ഒരു കാര്യത്തെക്കുറിച്ച് ചോദ്യം ഉയർത്തേണ്ട കാര്യംപോലുമില്ല. അതിർത്തികടന്നുള്ള ഭീകരപ്രവർത്തനത്തിന് ഭരണകൂടം പിന്തുണ നൽകുന്ന കാര്യത്തിനും അത് ബാധകമാണ്. അൽഖയ്ദ നേതാവ് ഒസാമ ബിൻലാദനെ സംരക്ഷിച്ച, അയൽരാജ്യത്തിൻറെ പാർലമെന്റ് ആക്രമിച്ച ഒരു രാജ്യത്തിന് യു.എൻ രക്ഷാകൗൺസിലിനു മുന്നിൽ ധർമോപദേശം നടത്താൻ യാതൊരു യോഗ്യതയുമില്ല', ജയശങ്കർ പറഞ്ഞു.
തീർച്ചയായും, ഞങ്ങൾ എത്രയും പെട്ടെന്നുതന്നെ അന്താരാഷ്ട്ര ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കും. ഞങ്ങൾക്ക് ഞങ്ങളുടേതായ കാഴ്ചപ്പാടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കാലാവസ്ഥാ വ്യതിയാനം, തീവ്രവാദം, രാജ്യങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ, പകർച്ചവ്യാധി തുടങ്ങി സുപ്രധാനവെല്ലുവിളികളോടുള്ള കാര്യക്ഷമമായ പ്രതികരണമാണ് യു.എന്നിന്റെ വിശ്വാസ്യതയെ നിർണയിക്കുകയെന്നും അദ്ദേഹം യു.എൻ രക്ഷാ കൗൺസിലിൽ പറഞ്ഞു.



# 'പ്ലാസ്റ്റിക് മഴ': ഓക്‌ലൻഡിൽ 2020 ൽ 'പെയ്തത്' 74 ടൺ മൈക്രോപ്ലാസ്റ്റിക്!

2020 -ൽ ന്യൂസിലൻഡിലെ ഓക്‌ലൻഡിൽ 'പെയ്തി'റങ്ങിയത് 74 ടൺ വരുന്ന മൈക്രോപ്ലാസ്റ്റിക്കെന്ന് റിപ്പോർട്ട്. എൻവയോൺമെന്റ് സയൻസ് ആൻഡ് ടെക്നോളജി എന്ന ജേണലിൽ 2022 ഡിസംബർ 12 ന് പ്രസിദ്ധീകരിച്ച പഠന റിപ്പോർട്ടിലാണ് ഇത് സംബന്ധിച്ച് വിവരങ്ങളുള്ളത്. അഞ്ച് മില്ലിമീറ്ററിൽ താഴെ വ്യാസമുള്ള പ്ലാസ്റ്റിക്ക് ശകലങ്ങളാണ് മൈക്രോപ്ലാസ്റ്റിക്കുകൾ. 30 ലക്ഷം പ്ലാസ്റ്റിക് കുപ്പികൾക്ക് സമാനമായ മൈക്രോപ്ലാസ്റ്റിക്കുകളാണ് ഓക്‌ലൻഡിലെ അന്തരീക്ഷത്തിൽ നിന്ന് പെയ്തിറങ്ങിയത്. മേൽക്കൂരകളിലും, പൂന്തോട്ടങ്ങളിലും മറ്റ് ഉപരിതലങ്ങളിലുമായി നടത്തിയ പരിശോധനയിലാണ് ഇത്രയധികം പ്ലാസ്റ്റിക് പദാർത്ഥങ്ങൾ കണ്ടെത്തിയത്.
ചെറു പദാർത്ഥങ്ങളായ മൈക്രോപ്ലാസ്റ്റിക്കുകൾ ഇതിന് മുമ്പ് മനുഷ്യ രക്തത്തിലും മുലപ്പാലിലും വരെ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ അന്തരീക്ഷത്തിൽ നിലനിൽക്കുന്ന മൈക്രോപ്ലാസ്റ്റിക്കുകളുടെ തീവ്രത വ്യക്തമാക്കുന്ന പഠന റിപ്പോർട്ടാണ് എൻവയോൺമെന്റ് സയൻസ് ആൻഡ് ടെക്നോളജിയിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത്. നഗ്നനേത്രങ്ങളാൽ കാണാൻ കഴിയാത്ത ഇവയുടെ സാന്നിധ്യം അതിനൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് യൂണിവേഴ്സിറ്റി ഓഫ് ഓക്‌ലൻഡിലെ ഗവേഷകർ കണ്ടെത്തിയത്.ഒരു ദിവസം ശരാശരി, സ്ക്വയർ മീറ്ററിൽ 4,885 എന്ന തോതിലാണ് മൈക്രോപ്ലാസ്റ്റിക്കുകൾ അന്തരീക്ഷത്തിൽ നിന്നും പെയ്തിറങ്ങിയത്. ലണ്ടൻ, പാരീസ് തുടങ്ങിയിടങ്ങളിൽ റിപ്പോർട്ട് ചെയ്തതിനെക്കാളേറെ അളവിലുള്ള മൈക്രോപ്ലാസ്റ്റിക്കുകളാണ് ഓക്‌ലൻഡിൽ ഗവേഷക സംഘം കണ്ടെത്തിയത്.

# ഏഷ്യയിൽ ഏറ്റവുമധികം ഗർഭാശയഗള അർബുദ രോഗികൾ ഉള്ളത് ഇന്ത്യയിൽ—പഠനം

സ്തനാർബുദം കഴിഞ്ഞാൽ ഇന്ത്യയിൽ സ്ത്രീകളിൽ രണ്ടാമതായി ഏറ്റവുമധികം കാണപ്പെടുന്ന അർബുദമാണ് ഗർഭാശയഗള അർബുദം. ഇപ്പോഴിതാ ഏഷ്യയിൽ ഏറ്റവുമധികം ഗർഭാശയഗള അർബുദ രോഗികൾ ഉള്ളത് ഇന്ത്യയിലാണ് എന്ന പഠനമാണ് പുറത്തുവന്നിരിക്കുന്നത്. ലാൻസെറ്റ് ജേർണലിലാണ് ഇതുസംബന്ധിച്ച പഠനം പ്രസിദ്ധീകരിച്ചിരിക്കുന്നത്.
ആഗോളതലത്തിൽ അമ്പത്തിയെട്ടു ശതമാനം ഗർഭാശയഗള അർബുദ രോഗികളും ഏഷ്യയിലാണ് ഉള്ളത് എന്ന് പഠനം വ്യക്തമാക്കുന്നു. അതിൽ 21 ശതമാനത്തോടെ ഏറ്റവുമധികം രോഗികളുള്ളത് ഇന്ത്യയിലാണ്. തൊട്ടുപിന്നാലെ നിൽക്കുന്ന ചൈനയിൽ 18 ശതമാനമാണുള്ളത്.ഗർഭാശയഗള അർബുദ മരണം മൂലമുള്ള നാൽപതു ശതമാനം മരണങ്ങളിൽ 23 ശതമാനവും ഇന്ത്യയിലും 17 ശതമാനം ചൈനയിലുമാണെന്നും പഠനം പറയുന്നു. 2020ലെ മാത്രം കണക്കുകൾ പ്രകാരം ആഗോളതലത്തിൽ പുതിയ ഗർഭാശയഗള അർബുദ രോഗികളുടെ എണ്ണം 6,00,000 വും മരണങ്ങൾ 3,40,000വുമാണ്. അതിലെ 21 ശതമാനവും ഇന്ത്യയിൽ നിന്നാണ് എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

രാജ്യങ്ങൾ ഫലപ്രദമായ സ്ക്രീനിങ് പദ്ധതികളിലൂടെ രോഗനിർണയം നടത്തുകയും വാക്സിനേഷനും ചികിത്സയും ഉൾപ്പെടെ മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ അവസ്ഥയിൽ മാറ്റം കൊണ്ടുവരാനാകുമെന്നാണ് പഠനത്തിൽ പറയുന്നത്.
അതിനിടെ ഗർഭാശയഗള അർബുദത്തെ പ്രതിരോധിക്കാനുള്ള ഇന്ത്യയുടെ ആദ്യ തദ്ദേശീയ വാക്സിൻ 2023 ഏപ്രിലിൽ വിപണിയിലെത്തുമെന്ന വാർത്ത കഴിഞ്ഞ ദിവസം പുത്തുവന്നു. സ്ത്രീകളിലെ ഗർഭാശയഗള അർബുദത്തെ പ്രതിരോധിക്കാനുള്ള ഇന്ത്യയുടെ ആദ്യ തദ്ദേശീയ വാക്സിൻ 2023 ഏപ്രിലിൽ വിപണിയിലെത്തുമെന്ന് ദേശീയ സാങ്കേതിക ഉപദേശക സമിതി അംഗം ഡോ. എൻ.കെ. അറോറയാണ് വ്യക്തമാക്കിയത്.
സിറം ഇൻസ്റ്റിറ്റ്യൂട്ടും ബയോടെക്നോളജി വകുപ്പും ചേർന്ന് വികസിപ്പിച്ച 'ക്വാഡ്രിലൻഡ് ഹ്യൂമൻ പാപ്പിലോമ വൈറസ് വാക്സിൻ -സെർവാവാക്കാണ്' (ക്യൂ.എച്ച്.പി.വി.) 200 മുതൽ 400 വരെ രൂപയ്ക്ക് വിപണിൽ ലഭ്യമാക്കുക.
വിദേശത്തുനിന്ന് ഇറക്കുമതിചെയ്യുന്ന വാക്സിനാണ് നിലവിൽ രാജ്യത്ത് ഉപയോഗിക്കുന്നത്. 2000 മുതൽ 3000 രൂപവരെയാണ് വിദേശവാക്സിന്റെ വില. 90 ശതമാനം ഫലപ്രാപ്തി അവകാശപ്പെടുന്ന തദ്ദേശീയ വാക്സിൻ ഒമ്പതുമുതൽ പതിന്നാലുവരെ വയസ്സുള്ള പെൺകുട്ടികളിലാണ് കുത്തിവെക്കുക. ആദ്യഡോസ് ഒമ്പതാം വയസ്സിലും അടുത്ത ഡോസ് 6-12 മാസത്തിനിടയിലുമാണ് കുത്തിവെക്കേണ്ടത്. പതിനഞ്ചുവയസ്സിനു മുകളിലുള്ളവരാണെങ്കിൽ മൂന്ന് ഡോസ് വാക്സിൻ സ്വീകരിക്കണം. ക്യൂ.എച്ച്.പി.വി.യിൽ വൈറസിന്റെ ഡി.എൻ.എ.യോ ജീവനുള്ള ഘടകങ്ങളോ ഇല്ലാത്തതിനാൽ പാർശ്വഫലങ്ങളുമുണ്ടാകില്ലെന്ന് സിറം ഇൻസ്റ്റിറ്റ്യൂട്ട് വൃത്തങ്ങൾ പറയുന്നു.

സെർവിക്കൽ കാൻസറിന്റെ പ്രത്യേകത

മറ്റ് കാൻസറുകളിൽ നിന്നും വ്യത്യസ്തമായി സെർവിക്കൽ കാൻസർ ഉണ്ടാകുന്നത് ഒരു അണുബാധ മൂലമാണ്. ഹ്യൂമൻ പാപ്പിലോമ (എച്ച്.പി.വി.) എന്ന വൈറസ് ബാധ സർവ്വസാധാരണയായി കണ്ടുവരുന്ന ഒന്നാണ്. തൊലിപ്പുറത്തും ഗുഹ്യഭാഗത്തും കാലിലും ഒക്കെ അരിമ്പാറകൾ ഉണ്ടാകുന്നത് ഈ വൈറസാണ്. സ്പർശനത്തിലൂടെയും ലൈംഗിക ബന്ധത്തിലൂടെയും പകരുന്ന ഈ വൈറസ് വിവിധ തരത്തിലുണ്ട് (120 ലേറെ). അതിൽ 14 തരം വൈറസുകൾക്ക് അപകട സാധ്യത ഏറെയാണ്. അവ ഗർഭാശയ മുഖത്തു മാത്രമല്ല, മലദ്വാരം, യോനീഭാഗം, പുരുഷലിംഗം, വായ, തൊണ്ട, എന്നീ അവയവങ്ങളിലും കാൻസർ ഉണ്ടാക്കുന്നു. എച്ച്.പി.വി. 16, 18 എന്നിവയാണ് സെർവിക്കൽ കാൻസർ ഉണ്ടാകുന്നതിൽ മുഖ്യ പങ്കുവഹിക്കുന്നത്.

ഹ്യൂമൻ പാപ്പിലോമ വൈറസ് അണുബാധ എങ്ങനെ ഉണ്ടാക്കുന്നു?

സർവ്വസാധാരണയായി കാണപ്പെടുന്ന വൈറസ് ആണ് എച്ച്.പി.വി. എന്ന് പറഞ്ഞല്ലോ. ലൈംഗിക ബന്ധം തുടങ്ങിക്കഴിഞ്ഞ് 24-25 വയസ്സിലാണ് ഈ അണുബാധ കൂടുതൽ കാണുന്നത്. 50 വയസ്സാകുമ്പോഴേയ്ക്ക് 80 ശതമാനം ആളുകളിലും ഈ അണുബാധ ഉണ്ടായിട്ടുണ്ടാവും. എന്നാൽ എച്ച്.പി.വി. അണുബാധ ഉണ്ടായിട്ടുള്ള എല്ലാവർക്കും സെർവിക്കൽ കാൻസർ ഉണ്ടാകുന്നില്ല.
കാരണം 85 ശതമാനം പേരിലും ഈ അണുബാധ ഒന്നു രണ്ടു വർഷം കൊണ്ടു മാറുന്നതായിട്ടാണ് കണ്ടുവരുന്നത്. ഇതിൽ 15 ശതമാനം പേരിൽ അണുബാധ സ്ഥിരമായി നിൽക്കാം. ഇതിൽ 5 ശതമാനം പേർക്ക് സെർവിക്കൽ കാൻസറിന് മുന്നോടിയായിട്ടുള്ള കോശ വ്യതിയാനങ്ങൾ ഉണ്ടാകാം.

സെർവിക്കൽ കാൻസർ എങ്ങനെ ഉണ്ടാകുന്നു?

ഹ്യൂമൻ പാപ്പിലോമ വൈറസ് അണുബാധയുണ്ടായിട്ടുള്ള അഞ്ച് ശതമാനം സ്ത്രീകളുടെ സെർവിക്സിൽ വർഷങ്ങൾക്കുശേഷവും കോശ വ്യതിയാനങ്ങൾ നിലനിൽക്കുന്നു. ഈ കോശ വ്യതിയാനങ്ങളെ സെർവിക്കൽ ഇൻട്രാ എപ്പിത്തീലിയൽ നിയോപ്ലാസിയ (ഇകച) എന്നാണ് പറയുന്നത്. ഈ വ്യതിയാനങ്ങൾ കാലക്രമേണ കാൻസറായി മാറാൻ സാധ്യതയുണ്ട്. സെർവിക്കൽ ഇൻട്രാ എപ്പിത്തീലിയൽ നിയോപ്ലാസിയ കാൻസറായി മാറുന്നതിന് ഏകദേശം 10 വർഷം എടുക്കും. ഈ കാലയളവിൽ ഈ കോശ വ്യത്യാസങ്ങൾ നാം കണ്ടു പിടിച്ചു ഫലപ്രദമായി ചികിത്സിച്ചാൽ സെർവിക്കൽ കാൻസറിനെ നമുക്ക് ഫലപ്രദമായി പ്രതിരോധിയ്ക്കാൻ കഴിയും. ഇവിടെയാണ് സ്ക്രീനിംഗ് ടെസ്റ്റുകളുടെ പ്രാധാന്യം.




ആരിലൊക്കെയാണ് സെർവിക്കൽ കാൻസർ കൂടുതലായി കണ്ടുവരുന്നത്?

18 വയസ്സിനു മുൻപ് ലൈംഗികബന്ധത്തിലേർപ്പെടുന്ന പെൺകുട്ടികൾ- ഇവരുടെ പ്രത്യുല്പാദന അവയവങ്ങൾ പൂർണ്ണ വളർച്ച എത്താത്തതിനാൽ വൈറസ് ബാധ കോശങ്ങളിലുണ്ടാക്കുന്ന വ്യത്യാസങ്ങൾ തീവ്രമായിരിക്കും.

കൂടുതൽ പ്രസവിക്കുന്നവർ.

ഒന്നിൽ കൂടുതൽ പുരുഷന്മാരുമായി ലൈംഗിക ബന്ധത്തിലേർപ്പെടുന്നവർ.

ലൈംഗിക പങ്കാളിയായ പുരുഷന് പരസ്ത്രീബന്ധമുണ്ടെങ്കിൽ.

പ്രതിരോധ ശേഷി കുറഞ്ഞവർ, എച്ച്.ഐ.വി. അണുബാധയുള്ളവർ.



# പ്രാഥമിക റിപ്പോർട്ടിലെ കണ്ടെത്തൽ; കരുതൽ മേഖലയിൽ നിർമാണങ്ങൾ 13,848

**തൊടുപുഴ:** ഉപഗ്രഹസർവേയുടെ അടിസ്ഥാനത്തിൽ തയാറാക്കിയ പ്രാഥമിക റിപ്പോർട്ട് പ്രകാരം ജില്ലയിലെ സംരക്ഷിതവനങ്ങളുടെ ചുറ്റുമുള്ള ഒരു കിലോമീറ്റർ കരുതൽ മേഖലയിൽ (ബഫർസോൺ) ഉൾപ്പെടുന്ന നിർമാണങ്ങൾ –13,848. വീടുകൾ, വിവിധ സ്ഥാപനങ്ങൾ, വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ തുടങ്ങിയ നിർമാണങ്ങളാണ് ഉൾപ്പെടുന്നത്. എന്നാൽ, പ്രാഥമിക റിപ്പോർട്ടിലെ വിവരങ്ങൾ സമഗ്രമല്ലെന്നും പിഴവുകൾ നിറഞ്ഞതാണെന്നും വിമർശനം ഉയർന്നു.കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആൻഡ് എൻവയൺമെൻറ് സെൻററാണ് (കെ.എസ്.ആർ.ഇ.സി) തയാറാക്കിയത്. നേരിട്ട് സ്ഥലം സന്ദർശിച്ചുള്ള പഠനത്തിന് പകരം വേണ്ടത്ര കൃത്യതയില്ലാത്ത ഉപഗ്രഹ സർവേയെ ആശ്രയിച്ചതിലൂടെ വിവരങ്ങൾ അപൂർണവും ഒട്ടേറെ പൊരുത്തക്കേടുകൾ നിറഞ്ഞതുമായി എന്നാണ് വിമർശനം. തെറ്റായ റിപ്പോർട്ടിലെ വിവരങ്ങൾ ആധികാരികമെന്ന നിലയിൽ സുപ്രീം കോടതിയിൽ നൽകാനുള്ള സർക്കാർ നീക്കം കരുതൽമേഖല വിഷയം ഏറ്റവും കൂടുതൽ ബാധിക്കുന്ന ജില്ലയിലെ ജനങ്ങളെ ആശങ്കയിലാക്കുന്നു.വീടുകൾ 3009; വാണിജ്യസ്ഥാപനങ്ങൾ 2531 ജില്ലയിലെ എട്ട് സംരക്ഷിതവനങ്ങളുടെ കരുതൽ മേഖലയിലായി 13,848 നിർമാണങ്ങൾ ഉൾപ്പെടുന്നു എന്നാണ് പ്രാഥമിക റിപ്പോർട്ടിലെ കണക്ക്. പെരിയാർ –5570, ഇടുക്കി –3944, ആനമുടി –1292, മതികെട്ടാൻ –990, ഇരവികുളം –769,ചിന്നാർ –623, കുറിഞ്ഞിമല –597, പാമ്പാടുംചോല –63 എന്നിങ്ങനെയാണ് ഓരോ സംരക്ഷിത വനത്തിൻറെയും ഒരു കിലോമീറ്റർ ചുറ്റളവിലെ എണ്ണം കണക്കാക്കിയിരിക്കുന്നത്.ഇവയിൽ 3009 എണ്ണം വീടുകളും 2531 എണ്ണം വാണിജ്യസ്ഥാപനങ്ങളും 67 എണ്ണം വിദ്യാഭ്യാസ സ്ഥാപനങ്ങളും 50 എണ്ണം മതസ്ഥാപനങ്ങളുമാണ്. ഒരേ സമയം വാണിജ്യവും പാർപ്പിടവും കൂടി വരുന്ന വിഭാഗത്തിൽ 5904കെട്ടിടങ്ങളുമുണ്ട്.സംസ്ഥാനത്തുതന്നെ കരുതൽ മേഖലയിൽ ഏറ്റവും കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും (48) മതസ്ഥാപനങ്ങളും (35) വരുന്നത് ഇടുക്കി വന്യജീവി സങ്കേത പരിധിയിലാണ്.ജില്ലയിലെ എട്ട് സംരക്ഷിത വനമേഖലകളുടെ പരിധിയിൽ വരുന്ന കരുതൽ മേഖലയിൽ 15 പഞ്ചായത്തുകളിൽനിന്നായി 2617 ഭൂമിയുടെ സർവേ നമ്പറുകളാണുള്ളത്. ഇവയിൽ 1897 സർവേ നമ്പറുകൾ പൂർണമായും 720 നമ്പറുകൾ ഭാഗികമായും പ്രാഥമിക റിപ്പോർട്ട് പ്രകാരം കരുതൽ മേഖല പരിധിയിൽ വരുന്നു. മറയൂർ –97, മൂന്നാർ –273, കാന്തല്ലൂർ –412, വട്ടവട –730, ചിന്നക്കനാൽ –107, ശാന്തൻപാറ –414, അറക്കുളം –എട്ട്, കഞ്ഞിക്കുഴി –141, കാമാക്ഷി –47, കാഞ്ചിയാർ –116, മരിയാപുരം –102, ഉപ്പുതറ ഏഴ്, കുമളി –122, വണ്ടിപ്പെരിയാർ –41 എന്നിങ്ങനെയാണ് സർവേ നമ്പറുകളുടെ എണ്ണം. സംസ്ഥാനത്തെ 23 സംരക്ഷിത വനമേഖലകളിൽ ഇരവികുളം, കുറിഞ്ഞിമല, ഇടുക്കി, പെരിയാർ, ചിന്നാർ, പാമ്പാടുംചോല, മതികെട്ടാൻ, ആനമുടി എന്നിങ്ങനെ എട്ടെണ്ണവും ഇടുക്കിയിലാണ്. ഈ വനമേഖലകളുടെ ഒരു കിലോമീറ്റർ ചുറ്റളവ് കരുതൽ മേഖലയായി പരിഗണിച്ച് നിർമാണപ്രവർത്തനങ്ങൾക്ക് ശക്തമായ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിൻറെ ഭാഗമായാണ് ജനവാസ മേഖലകൾ നിർണയിക്കാൻ ഉപഗ്രഹ സർവേനടത്തിയത്.എന്നാൽ, ജനവാസ മേഖലകളുടെ എണ്ണം യഥാർഥത്തിൽ ഉള്ളതിനെക്കാൾ വളരെ കുറച്ച് കാണിക്കുന്നതാണ് പ്രാഥമിക റിപ്പോർട്ട് എന്ന വിമർശനമുണ്ട്. വിവരങ്ങളിലെ പൊരുത്തക്കേടും റിപ്പോർട്ടിൽ അവതരിപ്പിച്ചിരിക്കുന്നതിലെ ആശയക്കുഴപ്പവും സ്ഥലങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയപ്പോൾ പഞ്ചായത്തുകളും വില്ലേജുകളും മാറിപ്പോയതുമെല്ലാം കർഷകർക്ക് പുതിയ തലവേദനയാകുകയാണ്.



# അജൈവമാലിന്യ നിർമാർജനം; ഹരിത കർമസേന നേടിയത് 46 ലക്ഷം

**തൃശൂർ:** അജൈവമാലിന്യ നിർമാർജന പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലീൻ കേരള കമ്പനി ജനുവരി മുതൽ നവംബർ വരെ ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളിൽനിന്ന് നീക്കം ചെയ്തത് 1914 ടൺ അജൈവമാലിന്യം.568.266 ടൺ തരംതിരിച്ച പ്ലാസ്റ്റിക്, 89.935 ടൺ ചില്ല് മാലിന്യം, 21.40 ടൺ ഇ–വേസ്റ്റ്, 1234.467 ടൺ നിഷ്ക്രിയമാലിന്യം എന്നിവ ജില്ലയിലെ വിവിധ ഇടങ്ങളിൽനിന്ന് നീക്കി. മാലിന്യം ക്ലീൻ കേരള കമ്പനിക്ക് നൽകിയതിലൂടെ ഹരിതകർമ സേന 46,54,758 രൂപ നേട്ടമുണ്ടാക്കി.കൂടുതൽ മാലിന്യം തരംതിരിക്കൽ നടക്കുന്നത് തൃശൂർ കോർപറേഷനിലാണ്. തദ്ദേശസ്ഥാപനങ്ങളെ സെക്ടറുകളാക്കി തിരിച്ച് കൃത്യമായ ഷെഡ്യൂൾ പ്രകാരമാണ് ക്ലീൻ കേരള കമ്പനി അജൈവമാലിന്യ ശേഖരണം നടത്തുന്നത്. സർക്കാർ സ്ഥാപനങ്ങളിലെ ഖരമാലിന്യ ശേഖരണത്തിന്റെ ഭാഗമായി റീബിൽഡ് കേരള ഇനീഷ്യേറ്റീവിൽ ഉൾപ്പെടുത്തി പറവട്ടാനി ഫോറസ്റ്റ് ഓഫിസിൽ മാലിന്യ സംഭരണ കേന്ദ്രങ്ങൾ (എം.സി.എഫ്) സ്ഥാപിക്കുകയും പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു. തൃശൂർ സിവിൽ സ്റ്റേഷൻ, മെഡിക്കൽ കോളജ്, രാമവർമപുരം പൊലീസ് അക്കാദമി, കേരള അഗ്രികൾച്ചർ യൂനിവേഴ്സിറ്റി എന്നീ സ്ഥാപനങ്ങളിലെ എം.സി.എഫ് നിർമാണം അവസാനഘട്ടത്തിലാണ്. ജില്ല പഞ്ചായത്തിന്റെ സഹകരണത്തോടെ കൈപ്പറമ്പ് പഞ്ചായത്തിൽ സംസ്ഥാനത്തെ ആദ്യ ജില്ല റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്) നിർമാണം ഈ മാസത്തോടെ പൂർത്തീകരിക്കുമെന്ന് ക്ലീൻ കേരള മാനേജിങ് ഡയറക്ടർ ജി.കെ. സുരേഷ്കുമാർ പറഞ്ഞു.ഇതോടെ ജില്ലയിലെ മാലിന്യശേഖരണം, സംസ്കരണം, കൈയൊഴിയൽ എന്നിവ വേഗത്തിലാക്കാനും സാധിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഡിസംബറിൽ ഹസാർഡസ് മാലിന്യം ശേഖരിക്കാനായി ഹരിത കർമ സേനക്ക് തദ്ദേശതലത്തിൽ നിർദേശം നൽകിട്ടുണ്ട്.



# പൊരിയാനി ടോൾ ബൂത്ത്: പ്രതിഷേധം കനക്കുന്നു

**മുണ്ടൂർ:** പാലക്കാട് –കോഴിക്കോട് ദേശീയപാത പൊരിയാനിയിൽ സ്ഥാപിക്കാനൊരുങ്ങുന്ന ടോൾ ബൂത്തിനെതിരെ പ്രതിഷേധം ശക്തമാവുന്നു. സി.പി.എം, കോൺഗ്രസ്, വെൽഫെയർ പാർട്ടി, ബി.ജെ.പി എന്നി രാഷ്ട്രീയ പാർട്ടികൾ പ്രത്യക്ഷ പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. കോങ്ങാട് മേഖലയിലെ ബസുടമകൾ ബസ് ഓപറേറ്റേഴ്സ് അസോസിയേഷന് കീഴിൽ സ്വകാര്യ ബസുകളിൽ കരിങ്കൊടി കെട്ടി ബുധനാഴ്ച പ്രതിഷേധ ദിനം ആചരിച്ചു.അശാസ്ത്രീയ ടോൾ ഏർപ്പെടുത്തി ജനങ്ങളെ കൊള്ളയടിക്കാനുള്ള നീക്കത്തിനെതിരെ മുണ്ടൂർ വഴി സർവിസ് നടത്തുന്ന പത്തിരിപ്പാല, പറളി, കോങ്ങാട്, മുണ്ടൂർ, കടമ്പഴിപ്പുറം, ചെർപ്പുളശ്ശേരി എന്നിവിടങ്ങളിലെ സ്വകാര്യ ബസുടമകളും ജീവനക്കാരുമാണ് പ്രതിഷേധ ദിനാചരണത്തിൽ പങ്കെടുത്തത്. ബസുടമകളുടെ സംഘടന പൊരിയാനിയിൽ അടുത്ത ദിവസം പ്രതിഷേധ സംഗമവും പ്രകടനവും സംഘടിപ്പിക്കും.ഏഴ് കിലോമീറ്റർ ദൈർഘ്യത്തിലുള്ള ദേശീയ പാതയുടെ ഉപയോഗത്തിന് അതിലധികം ദൂരം സംസ്ഥാന പാത ഉപയോഗിക്കുന്നവരാവും ടോൾ കൊടുക്കേണ്ടി വരുക എന്ന വൈരുധ്യവും പൊരിയാനിയിൽ ടോൾ ബൂത്ത് ഏർപ്പെടുത്തുമ്പോൾ ഉണ്ടാവുമെന്ന് നാട്ടുകാർ ചൂണ്ടിക്കാട്ടി.ജനകീയ സമിതിയും വിവിധ പാർട്ടികളും ടോൾ ബൂത്തിനെതിരെ ബാനറും ബോർഡും സ്ഥാപിച്ചിട്ടുണ്ട്.



# നഗരത്തിലെ പാർക്കിങ് പ്ലാസകളുടെ നിർമാണക്കരാർ ഉടൻ

**കോഴിക്കോട്:** നഗരത്തിലെ കുരുക്കഴിക്കാൻ പണിയുന്ന രണ്ട് പാർക്കിങ് പ്ലാസകളുടെയും നിർമാണത്തിനുള്ള കരാർ തയാറായി. കരാർ നടപടികൾ പൂർത്തിയായാൽ നിർമാണത്തിനുള്ള തുടർനടപടികൾ പെട്ടെന്ന് തുടങ്ങാനാവുമെന്ന് ഡെപ്യൂട്ടി മേയർ സി.പി. മുസഫർ അഹമ്മദ് പറഞ്ഞു. ശനിയാഴ്ചത്തെ കോർപറേഷൻ കൗൺസിൽ യോഗത്തിൽ കരാർ സംബന്ധിച്ചുള്ള കാര്യം പരിഗണനക്ക് വരും. സ്റ്റേഡിയത്തിനടുത്തും മിഠായിത്തെരുവിന് വേണ്ടി കിഡ്സൺ കോർണറിലും പണിയാൻ തീരുമാനിച്ച പാർക്കിങ് പ്ലാസകളുടെ നടത്തിപ്പ് സംബന്ധിച്ച് നേരത്തേതന്നെ ധാരണയിലെത്തിയിരുന്നു. സ്വകാര്യ പങ്കാളിത്തത്തിൽ 167 കോടിയുടെ പ്ലാസയുണ്ടാക്കി ഉപയോഗിച്ച് നിശ്ചിതകാലത്തിനകം നഗരസഭക്ക് കൈമാറുന്നതാണ് കരാർ. കിഡ്സൺ കോർണറിലും സ്റ്റേഡിയത്തിലുമായി 85 കാറുകളും 1000ലേറെ ഇരുചക്രവാഹനങ്ങളും നിർത്തിയിടും വിധമാണ് പ്ലാസ നിർമാണം. ഇതോടെ മാനാഞ്ചിറയിലെ ഗതാഗതക്കുരുക്കിന് ആശ്വാസമാകുമെന്നാണ് പ്രതീക്ഷ. സ്റ്റേഡിയത്തിനും ഇൻഡോർ സ്റ്റേഡിയത്തിനും പിറകിലായി 5400 ചതുരശ്ര മീറ്റർ സ്ഥലത്ത് 35,000 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള കെട്ടിടവും കിഡ്സൺ കോർണറിൽ പഴയ സത്രം ബിൽഡിങ് പൊളിച്ച് 920 ചതുരശ്ര മീറ്റർ സ്ഥലത്ത് 7579 ചതുരശ്ര മീറ്ററും വരുന്ന കെട്ടിടവും പണിയാനാണ് പദ്ധതി. പൊളിക്കുന്ന കിഡ്സൺ കെട്ടിടത്തിൽ നിന്ന് നിലവിൽ കച്ചവടം ചെയ്യുന്ന വ്യാപാരികൾ ഒഴിയുന്നതിനുള്ള കാലാവധി ഈമാസം അവസാനംവരെ കോർപറേഷൻ നീട്ടിക്കൊടുത്തിട്ടുണ്ട്. ഒഴിയുന്ന കച്ചവടക്കാർക്ക് നേരത്തേ ബഷീർ റോഡിനും സമീപവും താജ് റോഡിലും സ്ഥലം അനുവദിച്ചെങ്കിലും അവ ക്രമപ്രകാരമല്ലെന്ന് കണ്ട് കോർപറേഷൻ പൊളിച്ചുമാറ്റാൻ നിർദേശിച്ചിരുന്നു. പകരം താൽക്കാലിക കെട്ടിടങ്ങൾ കോർപറേഷൻ തന്നെ പൊളിച്ചുമാറ്റാനാണ് തീരുമാനം. സത്രം ബിൽഡിങ് പൊളിച്ചുമാറ്റൽ പുരോഗമിക്കുകയാണ്. കെട്ടിടത്തിന്റെ പിറക് ഭാഗത്തുനിന്ന് 25 ശതമാനത്തോളം പൊളിച്ചുമാറ്റിക്കഴിഞ്ഞു.



# ഭാര്യയെ വെട്ടിക്കൊലപ്പെടുത്തിയ കേസിൽ കുറ്റപത്രം സമർപ്പിച്ചു

**ഒറ്റപ്പാലം:** രാത്രിയിൽ ഉറങ്ങിക്കിടന്ന ഭാര്യയെ വെട്ടിക്കൊലപ്പെടുത്തിയ കേസിൽ ഭർത്താവിനെതിരെ പൊലീസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു. അനങ്ങനടി കോതകുറുശ്ശി ഗാന്ധി നഗർ കിഴക്കേപുരക്കൽ രജനി(38) കൊല്ലപ്പെട്ട സംഭവത്തിലാണ് ഭർത്താവ് കൃഷ്ണദാസിനെതിരെ (47) ഒറ്റപ്പാലം ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ സി.ഐ എം. സുജിത്ത് കുറ്റപത്രം സമർപ്പിച്ചത്.സെപ്റ്റംബർ 25ന് പുലർച്ചെ രണ്ടിനായിരുന്നു നാടിനെ നടുക്കിയ സംഭവം. ഉറങ്ങിക്കിടന്ന രജനിയെ മടവാൾ കൊണ്ട് വെട്ടിയ ശേഷം മറ്റൊരു മുറിയിൽ കിടാനുറങ്ങിയിരുന്ന മകൾ അനഘയെയും കൃഷ്ണദാസ് വെട്ടി.മറ്റുമക്കളായ അഭിനന്ദ് കൃഷ്ണയും അഭിരാം കൃഷ്ണയും വീടിനകത്തുണ്ടായിരുന്നു.വീടിനകത്ത് നിന്ന് കുട്ടികളുടെ നിലവിളി ഉയർന്നതിനെ തുടർന്ന് തൊട്ടടുത്തായി താമസിച്ചിരുന്ന കൃഷ്ണദാസിൻറെ സഹോദരൻ മണികണ്ഠൻ ഓടിയെത്തിയപ്പോഴാണ് രജനിയെ മരിച്ചനിലയിലും അനഘക്ക് വെട്ടേറ്റനിലയിലും കണ്ടെത്തിയത്. നിർമാണ തൊഴിലാളിയാണ് കൃഷ്ണദാസ്. സംഭവം നടന്ന് 74ാം ദിവസമാണ് പൊലീസ് കുറ്റപത്രം സമർപ്പിക്കുന്നത്. 55 സാക്ഷികളുള്ള കേസിൽ 15 ഓളം രേഖകളും സമർപ്പിച്ചിട്ടുണ്ട്.

# പാൽ വില വർധന: ലാഭം കൊയ്യുന്നത് മിൽമ




**പാലക്കാട്:** ഡിസംബർ ഒന്നുമുതൽ പാൽ ലിറ്ററിന് ആറുരൂപ വർധിപ്പിച്ചെങ്കിലും ലാഭം കൊയ്യുന്നത് മിൽമ. വർധിപ്പിച്ച തുകയിൽ 5.02 രൂപ കർഷകന് നൽകുമെന്നാണ് വകുപ്പ് മന്ത്രി ചിഞ്ചുറാണി പറഞ്ഞിരുന്നത്. എന്നാൽ വർധനവ് നടപ്പാക്കിയതോടെ ഭൂരിഭാഗം കർഷകർക്കും ലഭിക്കുന്നത് ശരാശരി നാലു രൂപ മാത്രമാണ്. വർധിപ്പിച്ച വില നേരിട്ട് നൽകണമെന്ന് കർഷകർ ആവശ്യപ്പെട്ടെങ്കിലും പാലിലെ കൊഴുപ്പും പോഷകങ്ങളും അടിസ്ഥാനപ്പെടുത്തിയാണ് വില നൽകുന്നത്. പശുവിന്റെ ഇനം, കാലാവസ്ഥ, ആരോഗ്യം, പരിപാലനരീതി തുടങ്ങിയവ പാൽ നിലവാരത്തിന്റെ ഘടകങ്ങളാണ്.9.7 കൊഴുപ്പും 10.4 എസ്.എൻ.എഫും ഉള്ള പാലിന് മാത്രമാണ് ഉയർന്ന വിലയായ 58.60 രൂപ ലഭിക്കുന്നത്. 8.3 പോഷകങ്ങളുള്ള പാലിന് നാലുരൂപയാണ് അധികം ലഭിക്കുന്നത്. കറവ വറ്റാറായ പാലിന് അഞ്ചുരൂപയാണ് കൂടുതൽ ലഭിക്കുന്നത്. അതേസമയം, വർധിപ്പിച്ച പാൽ വിലയിൽ ലിറ്ററിന് ഒന്നര രൂപയോളം മിൽമക്ക് ലഭിക്കുന്നുണ്ട്. പാൽ വില വർധിപ്പിച്ചതോടെ കാലിത്തീറ്റയിൽ ക്ഷീരകർഷകർക്ക് നൽകിയ സബ്സിഡി മിൽമ നിർത്തി. ഇതോടെ കാലിത്തീറ്റയുടെ വില കുത്തനെ കൂടിയതിനാൽ ഗുണം ലഭിക്കുന്നില്ലെന്ന് ക്ഷീരകർഷകർക്ക് പരാതിയുണ്ട്.150 മുതൽ 250 രൂപ വരെയാണ് 50 കിലോയുടെ ഓരോ ചാക്കിനും വിവിധ കമ്പനികൾ കൂട്ടിയത്. ഇതോടെ കിട്ടുന്ന അധിക പണം മൊത്തം കാലിത്തീറ്റക്കും അനുബന്ധ ഉൽപന്നങ്ങൾക്കും നൽകേണ്ട ഗതികേടിലാണ് ക്ഷീരകർഷകർ. പരിഹാരമായി കാലിത്തീറ്റ വിപണി സർക്കാർ നേരിട്ട് നിയന്ത്രിക്കണമെന്നാവശ്യപ്പെട്ട് വകുപ്പുമന്ത്രിയെ സമീപിക്കാനൊരുങ്ങുകയാണ് വിവിധ കർഷക സംഘടനകൾ. ജില്ലയിൽ നെൽകൃഷി കഴിഞ്ഞാൽ ഏറ്റവും അധികം കർഷകർ ക്ഷീരമേഖലയിലാണ്. സംസ്ഥാനത്ത് ഏറ്റവും അധികം പാൽ ഉൽപാദിപ്പിക്കുന്നതും ജില്ലയിലാണ്.


സെക്യൂരിറ്റി ജോലി ആവശ്യം ഉള്ളവരും.
സെക്യൂരിറ്റികളെ ആവശ്യം ഉള്ളവരും
ബന്ധപെടുക

പരബ്രഹ്മ് സെക്യൂരിറ്റി സർവീസ്

ആലപ്പുഴ , ഹരിപ്പാട്, മാവേലിക്കര, കായംകുളം എന്നിവിടങ്ങളിൽ ഞങ്ങളുടെ സേവനം ലഭ്യമാണ്

ഹോം നഴ്സിംഗ് , ഹൗസ് കീപ്പിംഗ് , ക്ലീനിംഗ് ജോലിക്കാരെയും നൽകും

**വിളിക്കുക**

9995711426
9497152942

ഹോം നഴ്സിംഗ് , രോഗി പരിചരണം എന്നിവ ഉത്തരവാദിത്തത്തോട് കൂടി ചെയ്ത് കൊടുക്കുന്നു ഹോംനഴ്സ് ജോലിക്ക് ആളെ ആവശ്യം ഉള്ളവരും, ഹോംനഴ്സ് ജോലി ആവശ്യം ഉള്ളവരും. ബന്ധപെടുക.
Kayamkulam, Mavelikara, Harippad ഉള്ളവർക്കു മുൻഗണന.





# കത്ത് വിവാദം; ഓഫിസുകൾ ഉപരോധിച്ച് ബി.ജെ.പി, സമരശൈലി മാറ്റാൻ യു.ഡി.എഫ്

**തിരുവനന്തപുരം:** നിയമന കത്ത് വിവാദത്തിൽ രാജി വെക്കണമെന്ന് ആവശ്യപ്പെട്ട് ബി.ജെ.പി കൗൺസിലർമാർ മേയർ ആര്യാ രാജേന്ദ്രനെയും ഡി.ആർ. അനിലിന്റെയും ഓഫിസുകൾ ഉപരോധിച്ചു.രാവിലെ ഒമ്പതോടെയാണ് ബി.ജെ.പി കൗൺസിലർമാരുടെ നേതൃത്വത്തിൽ ഓഫിസ് ഉപരോധം ആരംഭിച്ചത്. കൗൺസിൽ ലീഡർ എം.ആർ. ഗോപൻ, തിരുമല അനിൽ, കരമന അജിത്, അഡ്വ. ഗിരികുമാർ, ഡി.ജി. കുമാരൻ തുടങ്ങിയവർ നേതൃത്വം നൽകി. ഈ സമയം മേയറും ഡി.ആർ. അനിലും ഓഫിസിൽ എത്തിയില്ല. ഉച്ചയോടെ ബി.ജെ.പി കൗൺസിലർമാരെ അറസ്റ്റ് ചെയ്ത് നീക്കി.അതിനിടെ കത്ത് വിവാദവുമായി ബന്ധപ്പെട്ട് യു.ഡി.എഫ് സമരം 40 ദിവസം പിന്നിട്ടു. 40ാം ദിവസ സത്യഗ്രഹസമരത്തിൽ ആര്യനാട് ബ്ലോക്കിലെ യു.ഡി.എഫ് പ്രവർത്തകരും ഗാന്ധി ദർശൻവേദി പ്രവർത്തകരും പങ്കെടുത്തു.സർക്കാറും നഗരസഭയും സമരം ചെയ്യുന്നവരെ കൊഞ്ഞനം കാട്ടുന്ന നിലപാട് അവസാനിപ്പിക്കണമെന്ന് ഡി.സി.സി പ്രസിഡന്റ് പാലോട് രവി പറഞ്ഞു. സമാധാനപരമായിരുന്നു ഇതുവരെ സമരം നയിച്ചത്.വരുംദിവസങ്ങളിൽ കോർപറേഷൻ ഓഫിസ് ഉപരോധിക്കുന്നതടക്കം സമരങ്ങൾ ആവിഷ്കരിക്കാൻ നിർബന്ധിതമാവുകയാണെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി. ബുധനാഴ്ചയിലെ സത്യഗ്രഹം യു.ഡി.എഫ് ജില്ല കൺവീനർ ബീമാപള്ളി റഷീദ് ഉദ്ഘാടനം ചെയ്തു. ഉച്ചക്ക് യു.ഡി.എഫ് കൗൺസിലർമാരും പ്രവർത്തകരും നഗരസഭക്ക് മുന്നിൽ പ്രകടനം നടത്തുന്നതിനിടെ യൂത്ത് കോൺഗ്രസ് പ്രവർത്തകൻ നഗരസഭക്കുള്ളിൽ കരിങ്കൊടി നാട്ടാൻ കയറിയത് പൊലീസ് തടഞ്ഞു.ഇതു സംഘർഷത്തിനിടയാക്കി. കരിങ്കൊടിയുമായി കയറിയ ബിനോയ് ഷാനിനെ പൊലീസ് മർദിച്ചെന്നാരോപിച്ചായിരുന്നു ബഹളം. കൗൺസിലർമാർക്കുനേരെയും പൊലീസ് ബലം പ്രയോഗിച്ചെന്ന് യു.ഡി.എഫ് പരാതിപ്പെട്ടു.വനിത കൗൺസിലർ സതികുമാരിയുടെ ബ്ലൗസ് പൊലീസ് കീറിയെന്ന് പരാതിയുണ്ട്. സമാധാനപരമായി സമരം നയിക്കുന്ന വനിത കൗൺസിലർമാരടക്കമുള്ളവരെ പൊലീസ് ഉപദ്രവിച്ചതിൽ യു.ഡി.എഫ് പാർലമെന്ററി പാർട്ടി ലീഡർ പി. പത്മകുമാർ പ്രതിഷേധിച്ചു.




# സുവർണ ചകോരത്തിലേക്ക് ഇനി ഒരു പകൽ ദൂരം

**തിരുവനന്തപുരം:**27ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയിലെ മികച്ച മത്സരചിത്രത്തിനുള്ള സുവർണചകോരം ഏതു രാജ്യത്തേക്കെന്നറിയാൻ ഇനി ഒരു പകൽദൂരം. ലിജോ ജോസ് പെല്ലിശ്ശേരിയുടെ നൻപകൽ നേരത്ത് മയക്കം, മഹേഷ് നാരായണൻറെ അറിയിപ്പ് അടക്കം 14 ചിത്രങ്ങളാണ് മത്സരരംഗത്തുള്ളത്. മുൻ വർഷങ്ങളെ അപേക്ഷിച്ച് മേളയിൽ പ്രേക്ഷകരുടെ ഹൃദയംകവർന്ന ചിത്രങ്ങളിൽ ഏറെയും മത്സരവിഭാഗത്തിലുള്ളതാണ്. ബൊളീവിയയിലെ മലയോര പ്രദേശത്ത് താമസിക്കുന്ന ദമ്പതികളുടെ കഥ പറയുന്ന സ്പാനിഷ് ചിത്രം ഉതാമ, റഷ്യ-യുക്രെയ്ൻ അതിർത്തി ഗ്രാമത്തിലെ ഗർഭിണിയുടെ ജീവിതം പറയുന്ന റഷ്യൻ-ഡച്ച് ചിത്രം ക്ലൊണ്ടൈക്ക്. മരണത്തിൻറെ മൂന്ന് ആഖ്യാനങ്ങൾ അവതരിപ്പിക്കുന്ന വിയറ്റ്നാം ചിത്രം മെമ്മറി ലാൻഡ്, രാഷ്ട്രീയ പ്രണയകഥ പറയുന്ന ഇംഗ്ലീഷ് ചിത്രം തഗ് ഓഫ് വാർ, ലിജോ ജോസ് പെല്ലിശ്ശേരി ഒരുക്കിയ 'നൻപകൽ നേരത്ത് മയക്കം' തുടങ്ങിയവയാണ് മത്സരവിഭാഗത്തിലെ ചിത്രങ്ങൾ. പ്രേക്ഷക പുരസ്കാരത്തിനുള്ള വോട്ടെടുപ്പ് ആരംഭിച്ചു. വെള്ളിയാഴ്ച ഉച്ചക്ക് 12 വരെയാണ് വോട്ടെടുപ്പിനുള്ള സമയം. അക്കാദമിയുടെ ഔദ്യോഗിക വെബ്സൈറ്റ് വഴിയും എസ്.എം.എസ് വഴിയും മൊബൈൽ ആപ്ലിക്കേഷൻ വഴിയും ഡെലിഗേറ്റുകൾക്ക് വോട്ടുചെയ്യാം. 16നാണ് മേളക്ക് തിരശ്ശീല വീഴുക. രാജ്യാന്തര മേളയുടെ ഏഴാം ദിനമായ വ്യാഴാഴ്ച കച്ചേയ് ലിംബു ഉൾപ്പെടെ 61 ചിത്രങ്ങൾ പ്രദർശിപ്പിക്കും. ലോക സിനിമയിലെ 27ചിത്രങ്ങൾ ഉൾപ്പടെ 54 സിനിമകളുടെ അവസാന പ്രദർശനവും വ്യാഴാഴ്ച ഉണ്ടാകും. കൺസേൺഡ് സിറ്റിസൺ, കെർ, എ പ്ലേസ് ഓഫ് അവർ ഓൺ, ടഗ് ഓഫ് വാർ, ഉതാമ, കൺവീനിയൻസ് സ്റ്റോർ എന്നീ മത്സരചിത്രങ്ങളുടെ അവസാന പ്രദർശനവും വ്യാഴാഴ്ചയാണ്. കിം കിഡുക്കിന്റെ അവസാന ചിത്രമായ കാൾ ഓഫ് ഗോഡിന്റെ രണ്ടാമത്തെ പ്രദർശനവും നടക്കും.ഓസ്കർ നോമിനേഷൻ കിട്ടിയ ഫ്രഞ്ച് ചിത്രം ക്ലോസ്, ഇറാനിൽ നിരോധിക്കപ്പെട്ട ലൈലാസ് ബ്രദേഴ്സ്, ഇപാം ഡി ഓർ ജേതാവ് റൂബൻ ഓസ്ലൻഡിൻറെ ആക്ഷേപഹാസ്യ ചിത്രം ട്രയാങ്കിൾ ഓഫ് സാഡ്നെസ്, തുനീഷ്യൻ ചിത്രം ഹർഖ തുടങ്ങിയവയാണ് വ്യാഴാഴ്ച അവസാന പ്രദർശനത്തിനെത്തുന്ന ലോക സിനിമാ വിഭാഗത്തിലെ പ്രധാന ചിത്രങ്ങൾ.



# മഞ്ചേരിയിൽ കിടക്ക നിർമാണശാലയിൽ വൻ തീപിടിത്തം

**മലപ്പുറം:** മഞ്ചേരിയിൽ കിടക്ക നിർമാണശാലയിൽ വൻ തീപിടിത്തം. ഉച്ചക്ക് ഒരു മണിയോടെ ചെരണിയിലെ റെക്സിൻ ഷോപ്പ് ഉൾപ്പെട്ട ഇരുനില കെട്ടിടത്തിലാണ് തീപിടിച്ചത്. ആളപായമോ പരിക്കോ റിപ്പോർട്ട് ചെയ്തിട്ടില്ല.മലപ്പുറം, മഞ്ചേരി എന്നിവിടങ്ങളിൽ നിന്നുള്ള അഗ്നിശമനസേനാ യൂണിറ്റുകൾ സ്ഥലത്തെത്തിയിട്ടുണ്ട്. തീ അണക്കാനുള്ള ശ്രമം പുരോഗമിക്കുകയാണ്. തീപിടിത്ത സമയത്ത് കെട്ടിടത്തിനുള്ളിൽ ഉണ്ടായിരുന്ന തൊഴിലാളികൾ, പുറത്തേക്ക് ഓടി രക്ഷപ്പെടുകയായിരുന്നു.



# വനിതാ ഡോക്ടറെ കടന്നുപിടിച്ച മധ്യവയസ്കൻ അറസ്റ്റിൽ

**കിളിമാനൂർ:** വനിതാ ഡോക്ടറെ വഴിയിൽ തടഞ്ഞുനിർത്തി അപമാനിക്കാൻ ശ്രമിച്ച മധ്യവയസ്കൻ അറസ്റ്റിൽ. നഗരൂർ കടവിള പുല്ലുതോട്ടം വിളയിൽ പുത്തൻ വീട്ടിൽനിന്ന് ചാരുപാറ തയ്യിങ്കളി കുന്നിൽ വീട്ടിൽ താമസിക്കുന്ന മനോഹരൻ എന്ന ശശികുമാർ (57) ആണ് പിടിയിലായത്. ബുധനാഴ്ച രാവിലെ 8.10നായിരുന്നു സംഭവം. എം.സി റോഡിൽ സിവിൽ സ്റ്റേഷനു സമീപം ബസിൽ നിന്നിറങ്ങി പാതയോരത്തു കൂടി നടന്നുവരികയായിരുന്ന വനിതാ ഡോക്ടറെ എതിരെ വന്ന പ്രതി കടന്നുപിടിക്കുകയായിരുന്നു. യുവതി കുട കൊണ്ട് പ്രതിരോധിക്കാൻ ശ്രമിക്കുന്നതിനിടെ, പ്രതി ആക്രമിച്ചു. യുവതി ബഹളം വെച്ചതിനെ തുടർന്ന് പ്രതി ഓടി രക്ഷപ്പെടുകയായിരുന്നു. ആറ്റിങ്ങൽ ഡിവൈ.എസ്.പി ജി. ബിനുവിന്റെ നിർദേശാനുസരണം കിളിമാനൂർ ഐ.എസ്.എച്ച്.ഒ എസ്. സനൂജിൻറെ നേതൃത്വത്തിലുള്ള പൊലീസ് സംഘം പ്രതിയെ പിടികൂടുകയായിരുന്നു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.



# വിഴിഞ്ഞം സമരം ഒത്തുതീർന്നിട്ടും പ്രതിസന്ധിക്ക് പരിഹാരമില്ല; മത്സ്യമേഖലയുടെ നടുവൊടിച്ച് മണ്ണെണ്ണ വില

**തിരുവനന്തപുരം:** മണ്ണെണ്ണ വിലവർധന മത്സ്യബന്ധന മേഖലയുടെ നടുവൊടിക്കുമ്പോഴും പരിഹാരമുണ്ടാക്കാതെ സർക്കാർ. വിഴിഞ്ഞം സമരത്തിൽ മത്സ്യത്തൊഴിലാളികൾ ഉന്നയിച്ച പ്രധാന ആവശ്യങ്ങളിലൊന്ന് മണ്ണെണ്ണ വിലവർധന മൂലമുള്ള പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ ഇടപെടണമെന്നായിരുന്നു.നിലവിലെ പ്രശ്നത്തെ കൃത്യമായി അഭിമുഖീകരിച്ച് പരിഹരിക്കുന്നതിന് പകരം എങ്ങും തൊടാതെയുള്ള പരിഹാര നിർദേശമാണ് സർക്കാർ ഒത്തുതീർപ്പ് വ്യവസ്ഥയിൽ ഉൾപ്പെടുത്തിയത്.മണ്ണെണ്ണയുടെ അനിയന്ത്രിത വിലവർധന പിൻവലിക്കാൻ ഇടപെടണമെന്നും തമിഴ്നാട് മാതൃകയിൽ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലഭ്യമാക്കണമെന്നുമായിരുന്നു സമരക്കാർ ഉന്നയിച്ച അഞ്ചാമത്തെ ആവശ്യം. നിലവിലെ മണ്ണെണ്ണ എൻജിനുകൾ ഡീസൽ, പെട്രോൾ, ഗ്യാസ് എൻജിനുകളിലേക്ക് മാറ്റുമെന്നാണ് സർക്കാർ പറയുന്നത്. ഇത് എങ്ങനെയെന്ന് വിശദീകരിക്കുന്നില്ല. തുറമുഖ നിർമാണം നിർത്തി പഠനമെന്നതിൽ ചർച്ചകളും ഒത്തുതീർപ്പ് ധാരണകളും കേന്ദ്രീകരിച്ചതോടെ മണ്ണെണ്ണ പ്രതിസന്ധി അപ്രസക്തമായി.മത്സ്യലഭ്യതക്കുറവ് മൂലം പ്രതിസന്ധിയിലായിരുന്ന മത്സ്യബന്ധന മേഖലയും മത്സ്യത്തൊഴിലാളികളും മണ്ണെണ്ണ വില വർധനവിൻറ ഭാരത്തിൽ വലിയ ദുരിതത്തിലാണ്. 2011മായി താരതമ്യം ചെയ്യുമ്പോൾ 2022ൽ 100 ശതമാനമാണ് എണ്ണ വില വർധിച്ചത്. ഇത് മത്സ്യത്തൊഴിലാളികളെ പ്രതിസന്ധിയിലാക്കിയെന്ന് സർക്കാർ നിയമസഭയിൽ സമ്മതിച്ചിട്ടുണ്ട്.മണ്ണെണ്ണ സബ്സിഡി നിരക്കിൽ നൽകുന്നുണ്ടെങ്കിലും അത് ആവശ്യത്തിന് തികയുന്നില്ലെന്ന പരാതി വ്യാപകമാണ്. കേന്ദ്രത്തിൽ നിന്ന് സംസ്ഥാനത്തിന് ആവശ്യമായ അളവിൽ സബ്സിഡി മണ്ണെണ്ണയും സബ്സിഡി രഹിത മണ്ണെണ്ണയും അനുവദിക്കാത്തതാണ് ക്ഷാമത്തിന് കാരണമെന്ന് സർക്കാർ വിശദീകരിക്കുന്നു. മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണയുടെ കാൽഭാഗം പോലും സബ്സിഡി രഹിത മണ്ണെണ്ണ (നോൺ പി.എസ്.ഡി) ആയി അനുവദിക്കുന്നില്ല. വിലവർധന സാധാരണ മത്സ്യത്തൊഴിലാളികൾക്ക് താങ്ങാൻ കഴിയാത്തതിനാൽ മണ്ണെണ്ണ ഔട്ട്ബോർഡ് മോട്ടോറുകൾ (ഒ.ബി.എം) മാറ്റി എൽ.പി.ജി ഒ.ബി.എമ്മുകൾ ഏർപ്പെടുത്താൻ ആലോചന തുടങ്ങിയെങ്കിലും പ്രാവർത്തികമായില്ല.എന്നാൽ 50 ശതമാനം സബ്സിഡിയിൽ പത്ത് മണ്ണെണ്ണ ഒ.ബി.എമ്മുകൾക്ക് എൽ.പി.ജിയിലേക്കും 40 ശതമാനം സബ്സിഡിയിൽ 115 മണ്ണെണ്ണ ബോട്ടുകൾ പെട്രോൾ ഒ.ബി.എമ്മുകളിലേക്കും 90 ശതമാനം സബ്സിഡിയിൽ 325 മണ്ണെണ്ണ ഒ.ബി.എമ്മുകൾ പെട്രോൾ കാർബറേറ്ററുകൾ ഉപയോഗിച്ചുള്ള മോട്ടോറുകളായും മറ്റുന്ന കാര്യം പരിശോധനയിലുണ്ടെന്നാണ് സർക്കാർ ആവർത്തിക്കുന്നത്. ഇത് എന്ന് പ്രാവർത്തികമാകുമെന്ന് വ്യക്തമല്ല.



# നെടുവത്തൂർ ലൈഫ് പദ്ധതി ക്രമക്കേട്: റിപ്പോർട്ട് തേടി

**കൊട്ടാരക്കര:** നെടുവത്തൂർ ലൈഫ് പദ്ധതി ക്രമക്കേടെന്ന പരാതിയിൽ മുഖ്യമന്ത്രി, തദ്ദേശ സ്വയംഭരണ മന്ത്രി, ധനമന്ത്രി എന്നിവരുടെ ഓഫിസുകളിൽനിന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് റിപ്പോർട്ട് തേടി.സംഭവത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പ്രാഥമികാന്വേഷണം തുടങ്ങി. പെർഫോമൻസ് ഓഡിറ്റ് സൂപ്പർ വൈസറോട് സ്ഥലം സന്ദർച്ച് റിപ്പോർട്ട് നൽകാനും നിർദേശിച്ചു.പഞ്ചായത്ത് സെക്രട്ടറി ഡി.ഡി.പിക്ക് നൽകിയ റിപ്പോർട്ടിൽ ഗുണഭോക്താക്കൾ ഭൂമി വാങ്ങിയതിൽ പാളിച്ചകളുണ്ടായതായി സൂചിപ്പിക്കുന്നു. അളവിൽ പിശകുണ്ടായതിനാൽ നാല് സെൻറ് ഭൂമിക്ക് പകരം രണ്ടര സെൻറ്ഭൂമി വീതമാണ് അളന്നുതിരിച്ചത്. കുന്നായിക്കിടന്നിരുന്ന ഭൂമി തട്ടുകളാക്കി നിരത്തിയപ്പോൾ താഴ്വാരത്ത് ഭൂമി ലഭിച്ചവർ കൂടുതൽ കുഴിയിലായി. കോൺക്രീറ്റ് പില്ലർ സ്ഥാപിച്ചാൽപോലും ഇവിടെ വീട് നിർമാണം സാധ്യമല്ലെന്നും രണ്ട് കുടുംബങ്ങൾ പ്രമാണം റദ്ദ് ചെയ്യാൻ അപേക്ഷ നൽകിയിട്ടുള്ളതായും സെക്രട്ടറിയുടെ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരമുണ്ടെങ്കിലേ പ്രമാണം റദ്ദാക്കാൻ കഴിയൂ. പ്രദേശത്ത് വീടുവെക്കുന്നതിന് അനുമതി നൽകാൻ കഴിയുമോ എന്ന കാര്യത്തിൽ പഞ്ചായത്ത് എൻജിനീയറിങ് വിഭാഗവും ആശയക്കുഴപ്പത്തിലാണ്. മഴവെള്ളപ്പാച്ചിലുണ്ടായാൽ മണ്ണൊലിപ്പ് സാധ്യതയുള്ള ഭൂമിയെന്നാണ് വിലയിരുത്തൽ.



# കാറ്റും മഴയും: പോസ്റ്റ് ഒടിഞ്ഞു കാറിന് മുകളിൽ വീണു

**തിരുവല്ല:** ശക്തമായ കാറ്റിലും മഴയിലും പുളിമരം കടപുഴകി വൈദ്യുതി പോസ്റ്റ് ഒടിഞ്ഞു കാറിന് മുകളിൽ വീണു. കാറിൽ സഞ്ചരിച്ച കുടുംബം അദ്ഭുതകരമായി രക്ഷപ്പെട്ടു. തിരുവല്ല - കായംകുളം സംസ്ഥാന പാതയിൽ കടപ്ര ആലംതുരുത്തിക്ക് സമീപം ബുധനാഴ്ച രാത്രി 7.45നാണ് സംഭവം. സ്വകാര്യ വ്യക്തിയുടെ പുരയിടത്തിൽ നിന്നിരുന്ന പുളിമരമാണ് കടപുഴകി വീണ് രണ്ട് വൈദ്യുതി പോസ്റ്റുകൾ ഒടിഞ്ഞു വീണത്.കായംകുളം ഭാഗത്തേക്ക് പോയ വള്ളികുന്നം സ്വദേശികളായ ദമ്പതികളും മകനും സഞ്ചരിച്ച കാറിന് മുകളിലേക്കാണ് കോൺക്രീറ്റ് വൈദ്യുതി പോസ്റ്റ് ഒടിഞ്ഞുവീണത്. തിരുവല്ലയിൽ നിന്നും ഫയർഫോഴ്സ് എത്തിയാണ് മരം മുറിച്ച് നീക്കിയത്. സംസ്ഥാന പാതയിൽ രണ്ടു മണിക്കൂറോളം ഗതാഗതം തടസ്സപ്പെട്ടു. പ്രദേശത്ത് വൈദ്യുതി വിതരണവും താറുമാറായി.



# ശബരിമല തീർഥാടകരെ വട്ടം കറക്കി മൊബൈൽ കമ്പനികൾ

**ശബരിമല:** ദർശനത്തിനെത്തുന്നവരെ വട്ടം കറക്കി മൊബൈൽ കമ്പനികൾ. നെറ്റ്വർക്ക് സേവനത്തിൽ ഞൊടിയിട വേഗം വാഗ്ദാനം ചെയ്യുന്ന ജിയോ അടക്കമുള്ള സ്വകാര്യ കമ്പനികളുടെ ഉപഭോക്താക്കളും നെറ്റ്വർക്ക് സംവിധാനത്തിലെ തകരാറുകൾ മൂലം സന്നിധാനത്ത് വലയുകയാണ്. ബി.എസ്.എൻ.എൽ മാത്രമാണ് അൽപമെങ്കിലും ഭേദപ്പെട്ട സേവനം ഉപഭോക്താക്കൾക്ക് നൽകുന്നത്.ജിയോ, എയർടെൽ, വോഡഫോൺ ഐഡിയ എന്നീ കമ്പനികളുടെ ഉപഭോക്താക്കളായ തീർഥാടകരും സന്നിധാനത്ത് വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരുമായ ജീവനക്കാരുമാണ് ഇതുമൂലം ഏറെ ബുദ്ധിമുട്ടുന്നത്. കാൾ ചെയ്യുമ്പോൾ ബീപ് ശബ്ദം മാത്രമാണ് കേൾക്കാറ്. ഇൻറർനെറ്റ് വേഗം കുറവായതിനാൽ വാട്സ്ആപ് കാളുകളും പലപ്പോഴും ലഭ്യമാകുന്നില്ല. കാളുകൾ അടിക്കടി കട്ടാവും.അതിവേഗ ഇൻറർനെറ്റും തടസ്സമില്ലാത്ത സേവനവും വാഗ്ദാനം ചെയ്യുന്ന മൊബൈൽ കമ്പനികൾ ശബരിമലയിൽ വേണ്ടത്ര മുന്നൊരുക്കം നടത്താത്തതാണ് പ്രശ്നം സൃഷ്ടിക്കുന്നത്. മുൻ വർഷങ്ങളിൽ തീർഥാടനകാലം ആരംഭിക്കും മുമ്പ് തന്നെ കമ്പനികളുടെ വിദഗ്ധർ എത്തി സംവിധാനങ്ങളുടെ വിതരണശേഷി ഉറപ്പാക്കിയിരുന്നു. എന്നാൽ, സന്നിധാനത്തേക്ക് പ്രതിദിനം ലക്ഷത്തോളം അടുത്ത് തീർഥാടകർ എത്തുന്ന സാഹചര്യം ഉടലെടുത്തിട്ടും സേവനം മെച്ചപ്പെടുത്താൻ കമ്പനികൾ തയാറായിട്ടില്ല.

# അമൃതം പൊടിയിൽ ചത്ത പല്ലി; നിർമാണ യൂണിറ്റ് പൂട്ടി



**ചെങ്ങന്നൂർ:** അമൃതം പൊടിയിൽ ചത്ത പല്ലിയുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയതിനെ തുടർന്ന് നിർമാണ യൂനിറ്റ് പൂട്ടി. മാന്നാർ പഞ്ചായത്തിലെ കുരട്ടിശ്ശേരി പാവുക്കര രണ്ടാം വാർഡിൽ പ്രവർത്തിക്കുന്ന 171ാം നമ്പർ അംഗൻവാടി വഴി വിതരണം ചെയ്ത അരക്കിലോ പായ്ക്കറ്റിലാണ് അവശിഷ്ടം കണ്ടെത്തിയത്.ഇത് ആഗസ്റ്റ് മാസത്തിൽ പായ്ക്ക് ചെയ്തതായിരുന്നു. മാന്നാർ പഞ്ചായത്തിന് കീഴിലെ കുടുംബശ്രീ സംരംഭമായ അമൃതശ്രീ അമൃതംഫുഡ് സപ്ലിമെൻറ് യൂനിറ്റിൻറെ കുട്ടമ്പേരൂർ മുട്ടേൽ ജങ്ഷന് സമീപത്തെ ഉൽപാദന കേന്ദ്രമാണ് പൂട്ടിയത്. പാവുക്കര ചിത്രഭവനത്തിൽ ആദർശ് എം. കൃഷ്ണൻറെ മകൻ അഥർവിന് ലഭിച്ച അമൃതംപൊടിയിലാണ് ശ്രദ്ധയിൽപെട്ടത്.



# മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് വീണ്ടും ഉയർന്നു; പെരിയാറിൽ ജാഗ്രതാ നിർദേശം

**കുമളി:** മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് വീണ്ടും ഉയർന്നു. രാവിലത്തെ റിപ്പോർട്ട് പ്രകാരം 141.40 അടിയായാണ് ജലനിരപ്പ് ഉയർന്നത്. ഇന്നലെ 141 അടിയായിരുന്നു ജലനിരപ്പ്.അതേസമയം, തമിഴ്നാട് കൊണ്ടു പോകുന്ന വെള്ളത്തിൻറെ അളവ് ഇന്നലെ ഉയർത്തിയിരുന്നു. ഇതോടെ അണക്കെട്ടിൽ ജലനിരപ്പ് ഉയരുന്നത് സാവധാനത്തിലായിട്ടുണ്ട്. സെക്കൻഡിൽ 511 ഘനയടി വെള്ളമാണ് തമിഴ്നാട് ടണൽ വഴി വൈഗ ഡാമിലേക്ക് കൊണ്ടു പോയിരുന്നത്. ഇത് 1100 ഘനയടിയായാണ് ഉയർത്തിയത്.ഡിസംബർ മൂന്നിനാണ് മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 140 അടിയായത്. 142 അടിയാണ് അനുവദനീയ പരമാവധി സംഭരണ ശേഷി. ജലനിരപ്പ് വീണ്ടും ഉയർന്നാൽ അണക്കെട്ടിൻറെ സ്പിൽവേ ഷട്ടറുകൾ ഉയർത്തി അധിക വെള്ളം ഒഴുക്കികളയേണ്ടി വരും.ജലനിരപ്പ് ഉയർന്ന സാഹചര്യത്തിൽ പെരിയാർ തീരത്ത് ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

# അനധികൃതമായി കുളം നികത്താൻ ശ്രമം; ടിപ്പർ ലോറികൾ പിടികൂടി



**കയ്പമംഗലം:** ദേശീയപാത 66 വികസനത്തിന്റെ ഭാഗമായി റോഡിൽ നിന്ന് മാലിന്യവും മണ്ണും നീക്കം ചെയ്യുന്നതിന്റെ മറവിൽ കുളം നികത്താൻ ശ്രമം. അയിരൂർ അമ്പലം പടിഞ്ഞാറ്, കാളമുറി വെസ്റ്റ് ഭാഗങ്ങളിലാണ് ജലസ്രോതസ്സുകൾ നികത്താൻ ശ്രമം നടത്തിയത്. നാട്ടുകാരുടെ പരാതിയെത്തുടർന്ന് മൂന്ന് ടിപ്പർ ലോറികൾ കയ്പമംഗലം പൊലീസ് പിടികൂടി. മാലിന്യ നീക്കത്തിന് കരാറെടുത്തവരാണ് കയ്പമംഗലം പഞ്ചായത്തിലെ വിവിധയിടങ്ങളിൽ ലോഡുമായി വന്ന് കുളങ്ങൾ നികത്താൻ ശ്രമം നടത്തിയത്. സംഭവം ജില്ല കലക്ടർക്ക് റിപ്പോർട്ട് ചെയ്യു






# ഓഡി ക്ലബ്ബ് റിവാർഡ്സ് പ്രോഗ്രാം ശക്തിപ്പെടുത്തി ഓഡി ഇന്ത്യ

ജർമൻ ആഡംബര കാർ നിർമ്മാതാക്കളായ ഓഡി, ഓഡി ക്ലബ്ബ് റിവാർഡ്സ് പ്രോഗ്രാമിനു കീഴിൽ 150 ലധികം പങ്കാളികളുമായി ഒന്നിക്കുന്നു. അജിയോ ലക്സ്, ട്രൂഫിറ്റ് & ഹിൽ, ഒബ്റോയ് ഹോട്ടൽസ്, മോണ്ട് ബ്ലാങ്ക്, ലക്ഷ്വറി ചാർട്ടേഴ്സ് ബൈ അവിയോൺ പ്രൈവ്, പുൾമാൻ ഹോട്ടൽ, റോസെറ്റ് ഹൗസ്, കോസ്റ്റ ക്രൂയിസ്, ഇവോക്കസ്, നപ്പാദൊരൈ, ഇക്കാദുക്ക, മാഷാ ആർട്ട്സ്, ടെയ്‌ലർ മെയ്ഡ്, ലക്ഷ്വറിഫിൻബിവിത്ത് ഷെഫ് ഗൗതം ചൗധരി തുടങ്ങിയവരടക്കമുള്ള ബ്രാൻഡുകളുമായാണ് പങ്കാളിത്തം. ഓഡി ക്ലബ്ബ് റിവാർഡ്സ് നൽകുന്ന ക്യുറേറ്റഡ് അനുഭവങ്ങൾ, സവിശേഷ ഹോളിഡേകൾ, ആഡംബര ഷോപ്പിംഗ് തുടങ്ങിയ സമാനതകളില്ലാത്ത ആഡംബരം ഓഡി ഉപഭോക്താക്കൾക്ക് ആസ്വദിക്കാം.ഈ വർഷമാദ്യമാണ് സവിശേഷമായ ഓഡി ക്ലബ്ബ് റിവാർഡ്സ് പ്രോഗ്രാമിന് തുടക്കമിട്ടത്. എക്സ്ക്ലൂസീവ് ആക്സസുകൾ, ഈ വിഭാഗത്തിലാദ്യമായി അവതരിപ്പിക്കുന്ന ആനുകൂല്യങ്ങൾ, വിശിഷ്ടമായ അനുഭവങ്ങൾ തുടങ്ങിയവ ഇതുവഴി ലഭ്യമാകും. നിലവിലുള്ള എല്ലാ ഉപഭോക്താക്കൾക്കും (ഓഡി അപ്രൂവ്ഡ്: പ്ലസ് ഉടമകൾ ഉൾപ്പടെ) ഓഡി ഇന്ത്യയുടെ ഭാവി ഉപഭോക്താക്കൾക്കും ഓഡി ക്ലബ്ബ് റിവാർഡ്സ് ലഭ്യമാകും.അംഗങ്ങളുടെ നിരവധി ഉത്പന്നങ്ങളും സേവനങ്ങളും ഉപഭോക്താക്കൾക്ക് ഇതുവഴി ലഭ്യമാകും. മൈ ഓഡി കണക്ട് ആപ്ലിക്കേഷനിൽ നിന്ന് നേടിയ റിവാർഡുകളും ഇതോടൊപ്പം അറിയാനാകും. ഈ റിവാർഡുകൾ ഓഡി ഇന്ത്യയുടെ എല്ലാ ഉത്പന്നങ്ങളിലും സേവനങ്ങളിലും പ്രയോജനപ്പെടുത്താം. ഏറ്റവും പുതിയ ക്യാംപെയ്നുകളുടെയും ഓഫറുകളുടെയും എക്സ്ക്ലൂസീവ് പ്രിവ്യൂകളും ആക്സസും ഓഡി ക്ലബ്ബ് റിവാർഡ്സ് അംഗങ്ങൾക്ക് ആസ്വദിക്കാം. ഓഡി എക്കോസിസ്റ്റവും പങ്കാളികളായ ബ്രാൻഡുകളും ആസ്വദിക്കുകയും പണം ചെലവിടുകയും ചെയ്യുന്നതിൽ നിന്ന് സമ്പാദ്യമുണ്ടാക്കുന്നതടക്കമുള്ള ആനുകൂല്യങ്ങൾ സ്വന്തമാക്കാം. ഓഫറുകൾക്ക് പുറമേ പങ്കാളികളുടെ പരിപാടികളിൽ പങ്കെടുക്കുന്നതിനുള്ള പ്രത്യേക ക്ഷണവും പങ്കാളികൾ നൽകും. ഓഡി ക്ലബ്ബ് റിവാർഡ്സിന്റെ പ്രാദേശിക മീറ്റിംഗുകളിൽ സജീവമായ പങ്കാളിത്തത്തിനാണ് ഓഡി ഇന്ത്യ സാക്ഷ്യം വഹിച്ചത്. പങ്കാളികളുടെ ഉത്പന്നങ്ങളും സേവനങ്ങളും കൂടുതൽ അടുത്തറിയാനുള്ള അവസരവും ഇതിലൂടെ ലഭിച്ചു.ഓഡി ക്ലബ്ബ് റിവാർഡ്സ് അംഗങ്ങൾക്കായി റിവാ4ഡ്സുകളുടെ പൂർണ്ണ നിര (പാർട്ട്ണർ വൗച്ചറുകളും സവിശേഷമായ ഓഡി ഉത്പന്നങ്ങളും) ഉൾപ്പടെ സവിശേഷമായ ഗെയിമിഫിക്കേഷ9 വിഭാഗം സഹിതം വിനോദത്തിനായി മറ്റൊരു വിഭാഗം കൂടി മൈ ഓഡി കണക്ട് ആപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.




# ബോബി ചെമ്മണൂർ ഇൻറർനാഷണൽ ജ്വല്ലേഴ്സ് ആറ്റിങ്ങൽ ഷോറൂം ഉദ്ഘാടനം 21ന്

**കോഴിക്കോട്:** സ്വർണാഭരണ രംഗത്ത് 160 വർഷത്തെ വിശ്വസ്ത പാരമ്പര്യമുള്ള ബോബി ചെമ്മണൂർ ഇൻറർനാഷണൽ ജ്വല്ലേഴ്സിൻറെ ഏറ്റവും പുതിയ ഷോറൂം തിരുവനന്തപുരം ആറ്റിങ്ങലിൽ പ്രവർത്തനമാരംഭിക്കുന്നു.21ന് രാവിലെ 10.30ന് നടക്കുന്ന ചടങ്ങിൽ 812 കി.മീ. റൺ യുനീക് വേൾഡ് റിക്കാർഡ് ഹോൾഡറും ലോകസമാധാനത്തിനുള്ള ഗിന്നസ് വേൾഡ് റിക്കാർഡ് ജേതാവുമായ ബോചെയും (ഡോ. ബോബി ചെമ്മണൂർ ) സിനിമാതാരം ഹണി റോസും ചേർന്ന് ഉദ്ഘാടനം നിർവഹിക്കുന്നു.ഉദ്ഘാടനത്തിനെത്തുന്നവരിൽനിന്നു നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന അഞ്ചു പേർക്ക് സ്വർണനാണയങ്ങളും മൂന്നു പേർക്ക് ബോചെയോടൊപ്പം റോൾസ് റോയ്സിൽ യാത്രയും സമ്മാനമായി നേടാം.ഉദ്ഘാടനമാസം നിത്യേനയുള്ള നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന ഭാഗ്യശാലികൾക്ക് സ്വർണനാണയങ്ങൾ, ബോബി ഓക്സിജൻ റിസോർട്ടിൽ സൗജന്യ താമസം, റോൾസ് റോയ്സ് റൈഡ് എന്നീ സമ്മാനങ്ങളും. സ്വർണാഭരണങ്ങൾക്ക് പണിക്കൂലി മൂന്നു ശതമാനം മുതൽ ആരംഭിക്കുന്നു. ആദ്യം പർച്ചേസ് ചെയ്യുന്ന 25 വിവാഹപാർട്ടികൾക്ക് വജ്രമോതിരം സമ്മാനം.ഡയമണ്ട് ആഭരണങ്ങളുടെ അത്യപൂർവശേഖരവും ഷോറൂമിലുണ്ട്. കൂടാതെ ഡയമണ്ട് ആഭരണങ്ങൾക്ക് പണിക്കൂലിയിൽ 50 ശതമാനം വരെ കഴിവും ലഭിക്കും. 50,000 രൂപയ്ക്കു മുകളിലുള്ള ഡയമണ്ട് പർച്ചേയ്സുകൾക്ക് സ്വർണനാണയങ്ങൾ, സ്മാർട്ട് വാച്ച്, മൊബൈൽ ഫോൺ എന്നീ സമ്മാനങ്ങൾ. ആറു മാസം വരെ തിരിച്ചടവ് കാലാവധിയിൽ സ്വർണം, ഡയമണ്ട് ആഭരണങ്ങൾ തവണവ്യവസ്ഥയിൽ വാങ്ങാവുന്നതാണ്.

FILM WORLD



# അവതാർ ദി വേ ഓഫ് വാട്ടർ' ഇന്ന് തിയേറ്ററുകളിൽ

വിസ്മയ കാഴ്ചകളുമായി ജെയിംസ് കാമറൂണിന്റെ 'അവതാർ ദി വേ ഓഫ് വാട്ടർ' നാളെ തിയേറ്ററുകളിൽ.ചലച്ചിത്ര ആസ്വാദകരുടെ പ്രതീക്ഷയും ആകാംഷയും എത്രയുണ്ടെന്ന് വ്യക്തമാക്കുന്നതാണ് ടിക്കറ്റ് ബുക്കിങ്ങ് കണക്കുകൾ. രാജ്യത്തെ മൾട്ടിപ്ലക്സ് ബ്രാഞ്ചുകളിൽ എല്ലാം മികച്ച പ്രീ ബുക്കിംഗ് ആണ് ചിത്രത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യയിൽ നിന്ന് മാത്രം 1.84 ലക്ഷത്തോളം ടിക്കറ്റുകൾ ഇതുവരെ വിറ്റുപോയെന്നാണ് റിപ്പോർട്ട്.പതിമൂന്ന് വർഷങ്ങൾക്ക് ശേഷമാണു 'അവതാറി'ന്റെ രണ്ടാം ഭാഗം എത്തുന്നത്. 1832 കോടി രൂപയാണ് ചിത്രത്തിന്റെ നിർമ്മാണ ചിലവ്. ഇന്ത്യയിൽ ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, മലയാളം, കന്നഡ എന്നിങ്ങനെ ആറ് ഭാഷകളിൽ ചിത്രം റിലീസ് ചെയ്യും.2009ൽ 'അവതാർ' ഇറങ്ങിയപ്പോൾ പിറന്നത് വലിയ റെക്കോർഡ് നേട്ടങ്ങളായിരുന്നു. 237 മില്യൺ യുഎസ് ഡോളർ ചിലവിൽ വന്ന ചിത്രം ആകെ 2.8 ബില്യൺ യുഎസ് ഡോളറാണ് വാരിക്കൂട്ടിയത്. ജെയിംസ് കാമറൂണിന്റെ തന്നെ 'ടൈറ്റാനിക്' കുറിച്ച റെക്കോർഡാണ് 'അവതാർ' തകർത്തത്.സെപ്റ്റംബറിൽ 'അവതാർ' റീ റീലിസിലൂടെ 2.9 ബില്യൺ ഡോളർ നിർമ്മാതാക്കൾക്ക് ലഭിച്ചു. ഒമ്പത് വർഷം മുൻപ് ഇറങ്ങിയ ചിത്രത്തിന്റെ റീ റിലീസിന് വീണ്ടും ലഭിച്ച സ്വീകാര്യത ചിത്രത്തിന്റെ അണിയറയിലെ ക്രാഫ്റ്റ് വ്യക്തമാക്കുന്നതായിരുന്നു. അതുകൊണ്ട് നാളെ റിലീസ് ചെയ്യാനിരിക്കുന്ന 'അവതാർ 2 ; ദി വേ ഓഫ് വാട്ടറി'ലുള്ള പ്രതീക്ഷകൾ വാനോളമാണ്.




# കാപ്പയിലെ ആദ്യ ഗാനം ഇന്ന് റിലീസ് ചെയ്യും

പൃഥ്വിരാജും, ഷാജി കൈലാസും ഒന്നിക്കുന്ന ഏറ്റവും പുതിയ ചിത്രമാണ് കാപ്പ. സിനിമയിലെ ആദ്യ ലിറിക്കൽ വീഡിയോ ഗാനം നാളെ അഞ്ച് മണിക്ക് റിലീസ് ചെയ്യും.ദേശീയ ചലച്ചിത്ര അവാർഡ് ജേതാവ് കൂടിയായ അപർണ ബാലമുരളിയാണ് ഈ ചിത്രലെ നായിക വേഷം അരങ്ങേറുന്നത്. പൃഥ്വിരാജിനോടൊപ്പം ആദ്യമായാണ് അപർണ അഭിനയിക്കുന്നത്. പൃഥ്വിരാജിനെയും അപർണയെയും കൂടാതെ ആസിഫ് അലി, അന്ന ബെൻ എന്നിവരാണ് ചിത്രത്തിലെ മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ദിലീഷ് പോത്തൻ, ജഗദീഷ്, നന്ദു എന്നിവരും ചിത്രത്തിലുണ്ട് .ഇന്ദുഗോപന്റെ പ്രശസ്ത നോവലായ ശങ്കുമുഖിയെ അടിസ്ഥാനപ്പെടുത്തിയാണ് ചിത്രത്തിൻറെ തിരക്കഥ ഒരുക്കിയിരിക്കുന്നത്. ഇന്ദുഗോപൻ തന്നെയാണ് ചിത്രത്തിൻറെ രചനയും നിർവഹിക്കുന്നത്. തിരുവനന്തപുരത്തെ ലോക്കൽ ഗുണ്ടകളുടെ പശ്ചാത്തലത്തിലാണ് കാപ്പയുടെ കഥ പറയുന്നത്. ചിത്രത്തിലെ പൃഥ്വിരാജിന്റെ ലുക്കും കൊട്ടമധു എന്ന കഥാപാത്രവും ഇതിനോടകം തന്നെ സോഷ്യൽ മീഡിയകളിൽ ശ്രദ്ധ നേടിയിട്ടുണ്ട്.




# ഹൊറർ സൈക്കോ ത്രില്ലർ 'വാമനൻ' ഇന്ന് മുതൽ

ഇന്ദ്രൻസ് നായകനായി എത്തുന്ന ഹൊറർ സൈക്കോ ത്രില്ലർ 'വാമനൻ' വെള്ളിയാഴ്ച മുതൽ തിയേറ്ററുകളിലേക്ക്.നൂറിലധികം തിയേറ്ററുകളിലാണ് ചിത്രം റിലീസ് ചെയ്യുന്നത്. മൂവി ഗ്യാങ് പ്രൊഡക്ഷൻസിൻറെ ബാനറിൽ അരുൺ ബാബു നിർമ്മിച്ച് എ ബി ബിനിൽ സംവിധാനം ചെയ്യുന്ന ചിത്രത്തിൽ ഒരു റിസോർട്ട് മാനേജരുടെ വേഷത്തിലാണ് ഇന്ദ്രൻസ് എത്തുന്നത്വാമനൻ എന്ന വ്യക്തിയുടെ ജീവിതത്തിൽ സംഭവിക്കുന്ന അസാധാരണ സംഭവങ്ങളിലൂടെയാണ് ചിത്രം കടന്ന് പോകുന്നത്. വാമനൻ കുടുംബത്തോടൊപ്പം പുതുതായി വാങ്ങിയ വീട്ടിലേക്ക് താമസം മാറുന്നിടത്താണ് ചിത്രം ആരംഭിക്കുന്നത്. ശേഷം അവിടെ നടക്കുന്ന അസാധാരണമായ സംഭവങ്ങൾ അദ്ദേഹത്തിൻറെ ജീവിതത്തിന്റെ ഗതി മാറ്റിമറിക്കുന്നു.സീമ ജി നായർ, ബൈജു, നിർമ്മൽ പാലാഴി, സെബാസ്റ്റ്യൻ, ദിൽഷാന ദിൽഷാദ്, അരുൺ ബാബു, ജെറി എന്നിവരാണ് ചിത്രത്തിലെ മറ്റ് അഭിനേതാക്കൾ.

കേരള പ്രണാമം





# പാക് സൈനികർ ഇന്ത്യയ്ക്ക് മുന്നിൽ മുട്ടുമടക്കിയ 'വിജയ് ദിവസ്'

രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ലോകം ഭയപ്പാടോടെ നോക്കിക്കണ്ട യുദ്ധമായിരുന്നു 1971 ലെ ഇന്ത്യ-പാക്കിസ്ഥാൻ യുദ്ധം. ഇന്ത്യൻ സൈന്യത്തിന് മുന്നിൽ പാക്കിസ്ഥാൻ മുട്ടുമടക്കിയ ദിവസം കൂടിയാണ് 1971 ഡിസംബർ 16. ഡിസംബർ മൂന്ന് മുതൽ 16 വരെ നീണ്ടുനിന്ന ഈ യുദ്ധമാണ് ബംഗ്ലാദേശ് എന്ന രാജ്യത്തിന്റെ പിറവിയ്ക്ക് കാരണമായത്. ഇന്ത്യയ്ക്കൊപ്പം ബംഗ്ലാദേശും ഇതേദിവസം വിജയ് ദിവസ് ആയി ആചരിക്കുന്നുണ്ട്.1971ലെ യുദ്ധത്തിൽ പാക്കിസ്ഥാനെതിരെ ഇന്ത്യ നേടിയ വിജയത്തെ അനുസ്മരിക്കാനായാണ് ഈ ദിനം ആചരിക്കുന്നത്. 93,000 പാക്കിസ്ഥാൻ സൈനികരാണ് ഇന്ത്യയ്ക്ക് മുന്നിൽ കീഴടങ്ങിയത്. കൂടാതെ പാക് സൈന്യവുമായുള്ള ഏറ്റുമുട്ടലിൽ ജീവത്യാഗം വരിച്ച ഇന്ത്യൻ സൈനികരെ ഓർക്കാനുള്ള ദിവസം കൂടിയാണ് ഡിസംബർ 16. ജനറൽ ജഗ്ജിത് സിങ് അറോറയുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ സേനയാണ് യുദ്ധത്തിൽ പാകിസ്ഥാനെ നേരിട്ടത്. ഇന്ത്യയുടെ കരുത്തിന് പിന്നിൽ പിടിച്ച് നിൽക്കാൻ സാധിക്കാതെ പാക് സൈനിക മേധാവി ജനറൽ ആമിർ അബ്ദുല്ല ഖാൻ നിയാസിയും 93,000 സൈനികരുമാണ് യുദ്ധം നിർത്തിവെച്ച് ഇന്ത്യൻ സൈനികർക്ക് മുമ്പിൽ കീഴടങ്ങിയത്. 13 ദിവസം മാത്രം നീണ്ടുനിന്ന ചരിത്രത്തിലെ ഏറ്റവും ചെറിയ യുദ്ധങ്ങളിലൊന്നാണ് ഇത്. കീഴടങ്ങലിന്റെ ഭാഗമായി ധാക്കയിലെ രാംന റേസ് കോഴ്സിൽ വെച്ച് 'ഇൻസ്ട്രുമെന്റ് ഓഫ് സറണ്ടറി'ൽ അദ്ദേഹം ഒപ്പുവെച്ചു.പാകിസ്ഥാൻ ഭരണകൂടത്തിനെതിരെ കിഴക്കൻ മേഖലയിൽ തുടങ്ങിയ പ്രക്ഷോഭമാണ് പിന്നീട് ഇന്ത്യാ-പാക് യുദ്ധത്തിലേക്ക് നയിച്ചത്. 1971 ഡിസംബർ 3-ന് ഇന്ത്യയുടെ 11 എയർബേസുകളെ പാകിസ്ഥാൻ ആക്രമിച്ചതോടെയാണ് യുദ്ധം ആരംഭിക്കുന്നത്. യുദ്ധത്തിൽ യുദ്ധത്തിൽ പടിഞ്ഞാറൻ പാകിസ്ഥാനിലെ 15,010 കിലോമീറ്റർ പ്രദേശം ഇന്ത്യൻ സേന പിടിച്ചെടുത്തു. യുദ്ധം അവസാനിച്ചതിന് പിന്നാലെ ബംഗ്ലാദേശ് എന്ന രാജ്യം നിലവിൽ വരുകയും ചെയ്തു.ഡിസംബർ 16ന് വൈകുന്നേരം ജനറൽ നിയാസി കീഴടങ്ങൽ രേഖകൾ സ്വീകരിച്ചു. ഇതോടെ യുദ്ധം ഇന്ത്യ ഔദ്യോഗികമായി വിജയിച്ചു. അതുകൊണ്ടാണ് ഈ ദിനം വിജയ് ദിവസ് എന്ന് അറിയപ്പെടുന്നത്. വൈകുന്നേരം നാല്. 30ന് ലഫ്. ജനറൽ ജഗ്ജിത് സിംഗ് അറോറ ഹെലികോപ്ടറിൽ ധാക്ക വിമാനത്താവളത്തിലെത്തി. അദ്ദേഹവും ജനറൽ നിയാസിയും ഒരു മേശയിലിരുന്ന് കീഴടങ്ങൽ രേഖകൾ ഒരുമിച്ച് നിർവ്വഹിച്ചു.ലഫ്. ജനറൽ അറോറയ്ക്ക് ജനറൽ നിയാസിയുടെ റിവോൾവർ കൈമാറി. ഇതോടെ നിയാസിയയുടെ കണ്ണുകൾ ഈറനണിഞ്ഞുവെന്നാണ് റിപ്പോർട്ടുകൾ. നിയാസിയെ കൊലപ്പെടുത്താൻ വരെ അന്ന് നാട്ടുകാർ തയ്യാറെടുത്തിരുന്നു. എന്നാൽ ഇന്ത്യൻ സൈനിക കമാൻഡർമാർ അദ്ദേഹത്തെ പരിക്കേൽപ്പിക്കാതെ പുറത്തെത്തിച്ചു. വിജയവാർത്ത പുറത്തുവന്നതോടെ പാർലമെന്റിൽ വിജയാഘോഷങ്ങൾ ആരംഭിച്ചു.യുദ്ധത്തിനിടെ 90 ലക്ഷത്തോളം അഭയാർത്ഥികൾ ഇന്ത്യയിലെത്തിയെന്നാണ് റിപ്പോർട്ടുകൾ. ബംഗ്ലാദേശിലെ 30 ലക്ഷം സാധാരണക്കാർ യുദ്ധത്തിൽ കൊല്ലപ്പെട്ടിരുന്നു. കൂടാതെ നിരവധി സ്ത്രീകൾ പീഡനത്തിന് ഇരയാവുകയും ചെയ്തിട്ടുണ്ട്. രാജ്യത്തിന് വേണ്ടി ജീവൻ ബലിയർപ്പിച്ച രക്തസാക്ഷികൾക്ക് ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് ഇന്ത്യയിൽ ഉടനീളം വിജയ് ദിവസിന്റെ വാർഷികം ആചരിക്കുന്നുണ്ട്. പാക്കിസ്ഥാന്റെ 8000ത്തോളം സൈനികർ മരിക്കുകയും 25,000 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. ഇന്ത്യയ്ക്ക് 3000 സൈനികരെ നഷ്ടപ്പെടുകയും 12,000പേർക്ക് പരിക്കേൽക്കുകയും ചെയ്തു.







# കടുത്ത വിമർശനങ്ങൾ, രോഷം, ഒടുവിൽ പടിയിറക്കം; പോർച്ചുഗൽ പരിശീലക സ്ഥാനം രാജിവച്ച് സാന്റോസ്

ലോകകപ്പ് ക്വാർട്ടർ ഫൈനലിൽ മൊറോക്കോയോട് പോർച്ചുഗൽ പരാജയപ്പെട്ടതിന് പിന്നാലെ പരിശീലക സ്ഥാനത്തുനിന്ന് രാജിവച്ചൊഴിഞ്ഞ് ഫെർണാണ്ടോ സാന്റോസ്. പോർച്ചുഗൽ ഫുട്ബോൾ ഫെഡറേഷൻ ( എഫ്പിഎഫ്) ആണ് ഇക്കാര്യം പുറത്തുവിട്ടത്. റൊണാൾഡോയെ ആദ്യ ഇലവനിൽ ഉൾപ്പെടുത്താത്തതിന് ഉൾപ്പെടെ വ്യാപക പ്രതിഷേധം സാന്റോസ് നേരിട്ടിരുന്നു. ക്വാർട്ടർ ഫൈനൽ പരാജയം ആരാധകരിൽ കടുത്ത രോഷം കൂടി സൃഷ്ടിച്ചതിന് പിന്നാലെയാണ് സാന്റോസിന്റെ പടിയിറക്കം. മൊറോക്കോയ്ക്കെതിരായ മത്സരത്തിലും റൊണാൾഡോയെ ബെഞ്ചിൽ തുടരാൻ വിടാൻ സാന്റോസ് എടുത്ത തീരുമാനത്തോട് പലരും യോജിച്ചിരുന്നില്ല. റൊണാൾഡോയുടെ പങ്കാളി ഉൾപ്പെടെ സമൂഹമാധ്യമങ്ങളിലൂടെ കടുത്ത വിമർശനങ്ങൾ സാന്റോസിനെതിരെ ഉന്നയിച്ചിരുന്നു. ഇതുവരെ കൂടെ നിന്ന എല്ലാവരോടുമുള്ള നിറഞ്ഞ നന്ദിയോടെയാണ് താൻ പടിയിറങ്ങുന്നതെന്ന് സാന്റോസ് പറയുന്ന വിഡിയോ പോർച്ചുഗൽ ഫുട്ബോൾ ഫെഡറേഷൻ പോസ്റ്റ് ചെയ്തിട്ടുണ്ട്68 വയസുകാരനായ സാന്റോസ് 2014 ഒക്ടോബറിലാണ് പരിശീലക സ്ഥാനം ഏറ്റെടുക്കുന്നത്. യൂറോ 2016ലും തുടർന്ന് 2019ലെ നേഷൻസ് ലീഗ് കാമ്പെയ്നിലും പോർച്ചുഗലിനെ വിജയത്തിലേക്ക് നയിച്ചത് സാന്റോസാണ്. ഖത്തറിൽ നടന്ന ഗ്രൂപ്പ് എച്ച് മത്സരത്തിൽ പോർച്ചുഗൽ ദക്ഷിണ കൊറിയയോട് പരാജയപ്പെട്ടെങ്കിലും പോർച്ചുഗൽ അവസാന 16 ൽ സ്വിറ്റ്സർലൻഡിനെ 6–1 ന് തോൽപ്പിക്കുകയും ചെയ്തിരുന്നു. മൊറോക്കോയോട് പോർച്ചുഗൽ 1–0നാണ് പരാജയപ്പെട്ടത്.



# ഫുൾ സ്ക്വാഡ് സെറ്റ്; 'ഫൈനൽ' പരിശീലനം ആരംഭിച്ച് അർജൻറീന

ഖത്തർ ലോകകപ്പ് ഫൈനലിനുള്ള അർജൻറീനയുടെ പരിശീലനത്തിന് തുടക്കം. ഇന്ന് തുറന്ന സ്റ്റേഡിയത്തിലായിരുന്നു പരിശീലനം. നാളെ അടച്ചിട്ട സ്റ്റേഡിയത്തിൽ ടീം പരിശീലിക്കും. സസ്പെൻഷൻ കാരണം സെമി നഷ്ടമായ അക്യൂനയും മോണ്ടിയലും തിരിച്ചുവരുന്നതിനാൽ ഫൈനലിലെ അന്തിമ ഇലവനിൽ മാറ്റം വന്നേക്കും. ഫൈനലിൽ അർജൻറീന തങ്ങളുടെ ഹോം ജേഴ്സിയിട്ടാണ് കളിക്കാൻ ഇറങ്ങുക. ഏയ്ഞ്ചൽ ഡി മരിയയുടെ കൂടെ പരുക്ക് ഭേദമായതോടെ അർജൻറീനയുടെ എല്ലാ താരങ്ങളും അവസാന അങ്കത്തിന് തയ്യാറാണ്. ഫൈനലിൽ കളിക്കുന്ന മെസിയും എംബാപ്പെയും അഞ്ച് വീതം ഗോളുകളാണ് നേടിയിരിക്കുന്നത്. മെസിയുടെ പേരിൽ മൂന്നും എംബാപ്പെയുടെ പേരിൽ രണ്ടും അസിസ്റ്റുകളാണുള്ളത്. ഡിസംബർ 18ന് ഇന്ത്യൻ സമയം എട്ടര മുതൽ നടക്കുന്ന മത്സരത്തോടെ ഗോൾഡൻ ബൂട്ട് ഉടമയെയും തിരിച്ചറിയാനാകും. ലൂസൈൽ സ്റ്റേഡിയത്തിലാണ് മത്സരം നടക്കുന്നത്.സെമി ഫൈനൽ വിജയത്തിന് ശേഷം താരങ്ങൾക്ക് ഇന്നലെ പരിശീലകൻ സ്കലോണി വിശ്രമം അനുവദിച്ചിരുന്നു. കുടുംബത്തോടൊപ്പം സമയം ചെലവഴിക്കുകയും ഇഷ്ടഭക്ഷണം കഴിക്കുകയും ചെയ്യുന്നതിൻറെ ചിത്രങ്ങൾ മെസിയുൾപ്പെടയുള്ള താരങ്ങൾ സാമൂഹിക മാധ്യമങ്ങളിൽ പങ്കുവച്ചിട്ടുണ്ട്. ക്രൊയേഷ്യക്കെതിരെ കരിയറിലെ ഏറ്റവും മികച്ച പ്രകടനമാണ് ജൂലിയൻ അൽവാരസ് പുറത്തെടുത്തത്.മരിയയുടെ അഭാവത്തിൽ മെസിക്കൊപ്പം നിൽക്കാൻ അൽവാരസിന് സാധിച്ചിരുന്നു.സ്കലോണിയുടെ ടാക്റ്റിക്സിൽ സുപ്രധാന ഭാഗം നിർവഹിക്കുന്ന താരമാണ് അക്യൂന. എന്നാൽ, ക്രൊയേഷ്യക്കെതിരെ മികച്ച പ്രകടനമാണ് പകരമെത്തിയ ടാഗ്ലിയാഫിക്കോ പുറത്തെടുത്തത്. 2014ന് ശേഷം ആദ്യ ലോകകപ്പ് ഫൈനലാണ് അർജൻറീന കളിക്കുന്നത്. ഇത്തവണ കിരീടത്തിൽ കുറഞ്ഞതൊന്നും ടീം പ്രതീക്ഷിക്കുന്നില്ല.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com